# GOVERNMENT OF KERALA

## GENERAL EDUCATION DEPARTMENT

# K.G.T. EXAMINATION

## (COMMERCE GROUP)

# MAY 2023

## NOTIFICATION

**OFFICE OF THE COMMISSIONER**
**FOR GOVERNMENT EXAMINATIONS**
**PAREEKSHA BHAVAN, THIRUVANANTHAPURAM-12**

# പൊതു വിദ്യാഭ്യാസ വകുപ്പ് - പരീക്ഷാഭവൻ വിജ്ഞാപനം

**ഇ.എക്സ്/എച്ച്6/3600/2023/സി.ജി.ഇ** **തീയതി: 21/03/2023**

## കേരള ഗവൺമെന്റ് ടെക്നിക്കൽ എക്സാമിനേഷൻ (കൊമേഴ്സ് ഗ്രൂപ്പ്) പരീക്ഷ - മെയ് 2023

കൊമേഴ്സ് ഗ്രൂപ്പിൽ താഴെ പറയുന്ന വിഷയങ്ങൾക്കുള്ള കേരളാ ഗവൺമെന്റ് ടെക്നിക്കൽ പരീക്ഷ **2023 മെയ് 22 മുതൽ** നടത്തുന്നതായിരിക്കും. 16.08.2001-ലെ സർക്കാർ ഉത്തരവ് (എം.എസ്സ്) നമ്പർ 96/2001/ഹയർ എഡ്യൂക്കേഷൻ അനുസരിച്ചായിരിക്കും പരീക്ഷ നടത്തുക.12/05/1994 ലെ സർക്കാർ ഉത്തരവ് (എം.എസ്) 88/94 ഉ.വി.വകുപ്പ് പ്രകാരം ഹിന്ദി ടൈപ്പ്റൈറ്റിംഗ് പരീക്ഷയും കെ.ജി.ടി.ഇ കോമേഴ്സ് ഗ്രൂപ്പിൽ ഉൾപ്പെടുത്തിയിരിക്കുന്നു. കൂടാതെ 09/11/2010-ാം തീയതിലെ സർക്കാർ ഉത്തരവ് (എം.എസ്) നം.369/10/ഉ.വി.വ. പ്രകാരം മലയാളം ടൈപ്പ്റൈറ്റിംഗ് പരീക്ഷയോടൊപ്പം മലയാളം വേഡ് പ്രോസസ്സിംഗ് ലോവർ പരീക്ഷയും സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 155/12 ഉ.വി.വകുപ്പ് 25/06/2012 പ്രകാരം മലയാളം വേഡ് പ്രോസസ്സിംഗ് ഹയർ പരീക്ഷയും ഉൾപ്പെടുത്തിയിരിക്കുന്നു.

കേരള സർക്കാർ നടത്തുന്ന ടൈപ്പ്റൈറ്റിംഗ് ഇംഗ്ലീഷ്/മലയാളം (ലോവർ) പരീക്ഷ 2002 സെപ്റ്റംബറിന് മുമ്പ് പാസ്സായിട്ടുള്ളവർക്ക് കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗ് ലോവർ മാത്രമായി അപേക്ഷിക്കാവുന്നതാണ്. കേരള സർക്കാർ നടത്തുന്ന ടൈപ്പ്റൈറ്റിംഗ് ഇംഗ്ലീഷ്/മലയാളം ഹയറും കംപ്യൂട്ടർ വേഡ് പ്രോസസ്സിംഗ് ലോവറും പാസ്സായിട്ടുള്ളവർക്ക് കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗ് ഹയർ പരീക്ഷയ്ക്ക് മാത്രമായും അപേക്ഷിക്കാവുന്നതാണ്.

മലയാളം വേഡ് പ്രോസസ്സിംഗ് പരീക്ഷയ്ക്ക് ഭാഷാ എന്ന സോഫ്റ്റ്‌വെയറിൽ ഇൻസ്ക്രിപ്റ്റ് കീബോർഡിലോ/ ടൈപ്പ്റൈറ്റർ കീബോർഡിലോ പരീക്ഷ എഴുതാവുന്നതാണ്.

മുൻ വർഷങ്ങളിൽ എഴുതി പരാജയപ്പെട്ട വിഷയത്തിനുമാത്രമായും പരീക്ഷ എഴുതാവുന്നതാണ്. ടൈപ്പ്റൈറ്റിംഗിലെ ഒന്നും, രണ്ടും പേപ്പറുകൾ ഒരു വിഷയമായും, വേഡ് പ്രോസസ്സിംഗ് ഒന്നും രണ്ടും പാർട്ടുകൾ മറ്റൊരു വിഷയവുമായാണ് പരിഗണിക്കുന്നത്.

പരീക്ഷാകേന്ദ്രങ്ങളുടെ വിവരങ്ങൾ 3-ാം അനുബന്ധമായും കെ.ജി.റ്റി പരീക്ഷയ്ക്ക് തത്തുല്യമായി സർക്കാർ അംഗീകരിച്ച മറ്റു പരീക്ഷകളുടെ വിവരങ്ങൾ 4-ാം അനുബന്ധമായും ചേർത്തിരിക്കുന്നു.

വേഡ് പ്രോസസ്സിംഗ് പരീക്ഷ 08/05/2012 തീയതിയിലെ സർക്കാർ ഉത്തരവ് (എം.എസ്) നം. 139/12/ ഉ.വി.വ പ്രകാരം നടത്തുന്നതാണ്. ഇതിന്റെ സമയക്രമവും, സെന്ററുകളും പിന്നീട് അറിയിക്കുന്നതാണ്.

## പരീക്ഷ നടത്തപ്പെടുന്ന വിഷയങ്ങളും അവയുടെ ഗ്രേഡുകളും താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നം | വിഷയങ്ങൾ | ഗ്രേഡുകൾ |
|---|---|---|
| 1 | ടൈപ്പ്റൈറ്റിംഗ് ഇംഗ്ലീഷ് & കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗ് | ലോവർ<br>ഹയർ |
| 2 | ടൈപ്പ്റൈറ്റിംഗ് ഇംഗ്ലീഷ് | ഹൈസ്പീഡ് |
| 3 | ടൈപ്പ്റൈറ്റിംഗ് മലയാളം ആന്റ് കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗ് | ലോവർ<br>ഹയർ |
| 4 | ടൈപ്പ്റൈറ്റിംഗ് ഹിന്ദി | ലോവർ<br>ഹയർ |
| 5 | ഷോർട്ട് ഹാൻഡ് ഇംഗ്ലീഷ് | ലോവർ/ഹയർ/ഹൈസ്പീഡ് |
| 6 | ഷോർട്ട് ഹാൻഡ് മലയാളം | ലോവർ/ഹയർ (അരുൾ,പണ്ടാല) സിസ്റ്റങ്ങളിൽ മാത്രം |

ഈ ഗ്രൂപ്പിൽപ്പെട്ട വിഷയങ്ങൾക്ക് ഓരോ പേപ്പറിനും ചുരുങ്ങിയത് നാൽപ്പത് ശതമാനം മാർക്ക് (സെക്കന്റ് ക്ലാസ്സ്) ലഭിച്ചാൽ മാത്രമേ വിജയിക്കുകയുള്ളൂ. ഫസ്റ്റ് ക്ലാസ്സ് ലഭിക്കുന്നതിന് ഓരോ പേപ്പറിനും ചുരുങ്ങിയത് എഴുപത്തിയഞ്ച് ശതമാനം മാർക്ക് ലഭിച്ചിരിക്കണം.

## പരീക്ഷാ ഫീസ്

ഓരോ വിഷയത്തിനുമുള്ള ഫീസ് താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നം | വിഷയങ്ങൾ | ഗ്രേഡുകൾ | തുക |
|---|---|---|---|
| 1 | ടൈപ്പ്റൈറ്റിംഗ് | ഇംഗ്ലീഷ്/മലയാളം ലോവർ | 90 |
| 2 | ടൈപ്പ്റൈറ്റിംഗ് | ഇംഗ്ലീഷ്/മലയാളം ഹയർ | 115 |
| 3 | ടൈപ്പ്റൈറ്റിംഗ് | ഹിന്ദി ലോവർ | 90 |
| 4 | ടൈപ്പ്റൈറ്റിംഗ് | ഹിന്ദി ഹയർ | 115 |
| 5 | ടൈപ്പ്റൈറ്റിംഗ് | ഇംഗ്ലീഷ് - ഹൈസ്പീഡ് | 115 |
| 6 | ഷോർട്ട് ഹാൻഡ് | ഇംഗ്ലീഷ്/മലയാളം - ലോവർ | 70 |
| 7 | ഷോർട്ട് ഹാൻഡ് | ഇംഗ്ലീഷ്/മലയാളം - ഹയർ | 90 |
| 8 | ഷോർട്ട് ഹാൻഡ് | ഇംഗ്ലീഷ് ഹൈസ്പീഡ് | 115 |
| 9 | വേഡ് പ്രോസസ്സിംഗ് | ഇംഗ്ലീഷ്/മലയാളം - ലോവർ | 200 |
| 10 | വേഡ് പ്രോസസ്സിംഗ് | ഇംഗ്ലീഷ്/മലയാളം - ഹയർ | 250 |

ടൈപ്പ്റൈറ്റിംഗ് ഇംഗ്ലീഷ്/ഹയർ പരീക്ഷകളുടെ മൂന്നാം പേപ്പറായ വേഡ് പ്രോസസ്സിംഗിന്റെ ഫീസുകൾ അതാത് എൽ.ബി.എസ്.സെന്ററുകളിൽ അടച്ച് പരീക്ഷയ്ക്ക് പങ്കെടുക്കാവുന്നതാണ്.

## മറ്റിനങ്ങൾക്കുള്ള ഫീസ് നിരക്കുകൾ

1. തിയറി പേപ്പറുകൾക്ക് പരാജയപ്പെടുന്ന പരീക്ഷാർത്ഥികൾക്ക് **പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തിയ ശേഷം** ഓരോ പേപ്പറിനും 50 രൂപ ക്രമത്തിൽ ഫീസടച്ച് മാർക്കുകളുടെ റീകൗണ്ടിംഗിന് അപേക്ഷിക്കാവുന്നതാണ്. പരീക്ഷകൾക്ക് നല്കിയ മാർക്കുകൾ കൂട്ടിയതിലോ എടുത്തെഴുതിയതിലോ ഉള്ള തെറ്റുകൾ, ഏതെങ്കിലും ഉത്തരത്തിന് മാർക്ക് രേഖപ്പെടുത്താതെ വന്ന കാര്യം എന്നിവ മാത്രമേ റീ കൗണ്ടിംഗിൽ പരിശോധിക്കുകയുള്ളു. **ഉത്തരക്കടലാസുകൾ പുന:പരിശോധനയ്ക്ക് വിധേയമാക്കുന്നതല്ല.** അനുബന്ധം (1) ആയി കാണിച്ചിരിക്കുന്ന നിർദ്ദിഷ്ട ഫോറത്തിൽ മാത്രമേ റീകൗണ്ടിംഗിനു വേണ്ടി അപേക്ഷിക്കാവൂ. വേഡ് പ്രോസസ്സിംഗ് പരീക്ഷയ്ക്ക് റീകൗണ്ടിംഗ് ഇല്ല.

2. കെ.ജി.ടി കൊമേഴ്സ് പരീക്ഷയ്ക്ക് ലഭിക്കുന്ന സർട്ടിഫിക്കറ്റ് ഏതെങ്കിലും സാഹചര്യത്തിൽ നഷ്ടപ്പെടുകയോ ഉപയോഗരഹിതമാകുകയോ ചെയ്താൽ 350/- രൂപ (മുന്നൂറ്റി അൻപത് രൂപ മാത്രം) അടച്ച്, പരീക്ഷാഭവന്റെ വെബ്സൈറ്റിൽ നിന്നും ലഭിക്കുന്ന നിശ്ചിത ഫാറത്തിൽ ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റിനു വേണ്ടി അപേക്ഷിക്കേണ്ടതാണ്. ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റും നഷ്ടപ്പെട്ടാൽ ട്രിപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള ഫീസ് 750/- (എഴുന്നൂറ്റി അൻപത് രൂപ മാത്രം) രൂപയാണ്. പൊതുവായ നിർദ്ദേശങ്ങൾ അപേക്ഷാഫോമിനോടൊപ്പം ലഭ്യമാണ്.

3. ഹയർ പരീക്ഷയ്ക്ക് അപേക്ഷിക്കുന്നവർ നിർബന്ധമായും ലോവർ പരീക്ഷ പാസ്സായിരിക്കണം.

ഈ പരീക്ഷയെ സംബന്ധിച്ച എല്ലാ കത്തുകളും **"സെക്രട്ടറി, പരീക്ഷാ കമ്മീഷണറുടെ ആഫീസ്, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം - 695 012"** എന്ന വിലാസത്തിലാണ് അയയ്ക്കേണ്ടത്.

മേൽപറഞ്ഞിരിക്കുന്ന വ്യവസ്ഥകൾക്ക് വിരുദ്ധമായി സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ പ്രത്യേക അറിയിപ്പു കൂടാതെ നിരസിക്കുന്നതായിരിക്കും. പരീക്ഷയ്ക്കു ശേഷമോ ഫലപ്രസിദ്ധീകരണത്തിനു ശേഷമോ ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാലും അവരുടെ പരീക്ഷാർത്ഥിത്വം റദ്ദാക്കുന്നതും അവർക്കെതിരെ നിയമപ്രകാരമുള്ള ശിക്ഷാ നടപടികൾ കൈക്കൊള്ളുന്നതുമായിരിക്കും. **ഒരു കാരണവശാലും അപേക്ഷ അയച്ചതിനുശേഷം പരീക്ഷാ കേന്ദ്രം മാറ്റുന്നതിനുള്ള അപേക്ഷ പരിഗണിക്കുന്നതല്ല.** എന്നാൽ സാങ്കേതിക കാരണങ്ങളാൽ ഏതെങ്കിലും ഒരു പരീക്ഷാ കേന്ദ്രത്തിൽ ഈ വിജ്ഞാപനത്തിൽ ഉൾകൊള്ളിച്ചിരിക്കുന്ന എല്ലാ വിഷയങ്ങൾക്കും പരീക്ഷ നടത്താൻ സാധിക്കാതെ വന്നാൽ അതേ കേന്ദ്രത്തിൽ പരീക്ഷ നടത്താത്ത വിഷയങ്ങൾക്ക് പേര് രജിസ്റ്റർ ചെയ്യപ്പെട്ടവർ,

പരീക്ഷാ കമ്മീഷണറുടെ സെക്രട്ടറി നിർദ്ദേശിക്കുന്ന മറ്റേതെങ്കിലും പരീക്ഷാ കേന്ദ്രത്തിൽ പരീക്ഷ എഴുതുവാൻ ബാധ്യസ്ഥരാണ്.

കാലാകാലങ്ങളിലുള്ള സർക്കാർ ഉത്തരവുകളുടെയും പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവിന്റേയും അടിസ്ഥാനത്തിൽ മാത്രം പ്രത്യേക പരിഗണന ആവശ്യമുള്ള പരീക്ഷാർത്ഥികൾക്ക് പരീക്ഷയ്ക്ക് അധിക സമയം അല്ലെങ്കിൽ ഗ്രേസ് മാർക്ക് അനുവദിക്കുന്നതാണ്. വേഡ് പ്രോസസ്സിംഗ് പരീക്ഷയ്ക്ക് ഒരു കൈകൊണ്ട് ടൈപ്പ് ചെയ്യുന്ന വിദ്യാർത്ഥികൾക്ക് ജി.ഒ (എം.എസ്) നമ്പർ.54/2010/പൊ.വി.വ തീയതി 12-04-2010 പ്രകാരം അധിക സമയത്തിനു പകരം ലഭിച്ച മാർക്കിന്റെ 20% ഗ്രേസ് മാർക്കായി നൽകുന്നതാണ്. ഈ പരീക്ഷാർത്ഥികൾ തങ്ങളുടെ ഒരു കൈമാത്രമേ പ്രവർത്തനക്ഷമമായുള്ളൂ എന്നു തെളിയിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റിന് പുറമെ ഗസറ്റഡ് ഓഫീസറുടെ സർട്ടിഫിക്കറ്റു മുഖേന പ്രത്യേകമായി പരീക്ഷാകമ്മീഷണർക്ക് ബോധ്യപ്പെടുത്തേണ്ടതാണ്.

**<u>ഗ്രേസ് മാർക്ക്/അധിക സമയം ആവശ്യമുള്ള പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾ മെഡിക്കൽ സർട്ടിഫിക്കറ്റ് സഹിതമുള്ള പ്രത്യേക അപേക്ഷ പരീക്ഷാ കമ്മീഷണർക്ക് (പൊതുവിദ്യാഭ്യാസ ഡയറക്ടർ) സമർപ്പിച്ച് ഉത്തരവ് വാങ്ങി പരീക്ഷ തുടങ്ങുന്നതിന് മുമ്പ് തന്നെ പരീക്ഷാഭവനിൽ ഹാജരാക്കേണ്ടതാണ്.</u>**

## <u>ഫീസ് സൗജന്യത്തിന് അർഹതയുള്ളവർ</u>

പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്കും കുടുംബി സമുദായക്കാർക്കും ഈ വിഭാഗങ്ങളിൽ നിന്ന് ക്രിസ്തുമതത്തിലേക്ക് മതപരിവർത്തനം നടത്തിയിട്ടുള്ളവർക്കും ഓരോ വിഷയത്തിനും പരമാവധി രണ്ട് പരീക്ഷകൾക്ക് ഫീസ് സൗജന്യത്തിന് അർഹത ഉണ്ടായിരിക്കും. ആദ്യം പരീക്ഷ എഴുതി മൂന്നു വർഷത്തിനുള്ളിലാണെങ്കിൽ മാത്രമേ രണ്ടാം പ്രാവശ്യം സൗജന്യത്തിന് അർഹതയുള്ളൂ. എസ്.എസ്.എൽ.സി. ബുക്കിൽ ജാതി രേഖപ്പെടുത്തിയിട്ടില്ലെങ്കിൽ ബന്ധപ്പെട്ട തഹസിൽദാറിൽ നിന്ന് ലഭിക്കുന്ന ജാതി സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതാണ്.

ഫീസ് സൗജന്യത്തിന് വേണ്ടി താഴെ കാണിച്ചിരിക്കുന്ന രീതിയിൽ വിദ്യാർത്ഥി തന്നെ അപേക്ഷയോടൊപ്പം ഒരു സത്യവാങ്മൂലം ഒപ്പിട്ട് നൽകിയിരിക്കണം.

## <u>സത്യവാങ്മൂലം</u>

ഞാൻ പട്ടികജാതി/പട്ടികവർഗ്ഗ/കുടുംബി/വിഭാഗത്തിപ്പെട്ട/വിഭാഗത്തിൽ നിന്നും ക്രിസ്തുമതത്തിലേക്ക് മതപരിവർത്തനം നടത്തിയ വ്യക്തിയാണ്. അതുകൊണ്ട് എനിക്ക് ഫീസ് സൗജന്യത്തിന് അർഹതയുണ്ട്.

കെ.ജി.ടി...........................................................(വിഷയത്തിന്റ പേര്, ഗ്രേഡ്) ഞാൻ ആദ്യമായാണ്/രണ്ടാം പ്രാവശ്യമാണ് പരീക്ഷയെഴുതുവാൻ അപേക്ഷിക്കുന്നത് ആദ്യം അപേക്ഷിച്ചത് ..................................(മാസം, വർഷം) ആകുന്നു.

**തീയതി............** **പരീക്ഷാർത്ഥിയുടെ പേരും ഒപ്പും.**

തിരുവനന്തപുരം ശ്രീചിത്രാഹോമിലെ അന്തേവാസികൾക്ക് തുടർച്ചയായി രണ്ടുപ്രാവശ്യം ഫീസ് സൗജന്യത്തിന് അർഹതയുണ്ട്. ഇതിനുവേണ്ടി ശ്രീചിത്രാഹോമിലെ സൂപ്രണ്ട് താഴെ കാണുന്ന സത്യവാങ്മൂലം ഓരോ പരീക്ഷാർത്ഥിക്കും നൽകണം.

## സത്യവാങ്മൂലം

..........................................(പരീക്ഷാർത്ഥിയുടെ പേര്) ആദ്യമാണ്/രണ്ടാം പ്രാവശ്യമാണ്...................................കെ.ജി.ടി.................................
.....................................................(വിഷയം/ ഗ്രേഡ്) പരീക്ഷയ്ക്ക് അപേക്ഷിക്കുന്നത്. ആയതിനാൽ ഫീസ് സൗജന്യത്തിന് അർഹതയുണ്ട് എന്ന് സാക്ഷ്യപ്പെടുത്തുന്നു.

**തീയതി......................**

**ഒപ്പ്**

**സൂപ്രണ്ട്, ശ്രീചിത്രാഹോം, തിരുവനന്തപുരം.**

മുൻപ് പരീക്ഷ എഴുതുവാൻ അപേക്ഷിക്കുകയും എന്നാൽ ഹാജരാവാതിരിക്കുകയും ചെയ്യുന്നതും ഒരു ചാൻസായി കണക്കാക്കുന്നതായിരിക്കും.

**ഫീസ് സൗജന്യത്തിനുവേണ്ടി വാസ്തവ വിരുദ്ധമായ സത്യവാങ്മൂലം നൽകുന്ന പരീക്ഷാർത്ഥികളെ താൽകാലികമായോ സ്ഥിരമായോ പരീക്ഷാ ബോർഡ് നടത്തുന്ന പരീക്ഷകളിൽ പങ്കെടുക്കുന്നതിന് അയോഗ്യത കൽപിക്കുന്നതാണ്.**

## പരീക്ഷയ്ക്ക് അപേക്ഷിക്കുന്നതിനുള്ള വിദ്യാഭ്യാസ യോഗ്യതകൾ

### (എ) ജനറൽ

1. ഷോർട്ട് ഹാൻഡിന്റെയോ ടൈപ്പ്റൈറ്റിംഗിന്റെയോ ലോവർ ഗ്രേഡിന് എസ്.എസ്.എൽ.സി വിജയിച്ചിരിക്കണം.
2. ഹയർ/ഹൈസ്പീഡുകൾക്ക് എസ്.എസ്.എൽ.സി വിജയിച്ചിട്ടുള്ളതിനു പുറമെ ബന്ധപ്പെട്ട വിഷയത്തിൽ ലോവർ/ഹയർ ഗ്രേഡ് വിജയിച്ചവർക്ക് മാത്രമാണ് അപേക്ഷിക്കാൻ അർഹതയുള്ളത്.

## (ബി) ടെക്നിക്കൽ

അതാത് വിഷയത്തിൽ/ ഗ്രേഡിൽ സിലബസ്സനുസ്സരിച്ച് ആവശ്യമായ പ്രാവീണ്യവും പരിജ്ഞാനവും ഉണ്ടായിരിക്കുന്നതിനു പുറമെ, അതാത് ഗ്രേഡിൽ താഴെപ്പറയുന്ന സാങ്കേതിക വിജ്ഞാനവും ഉണ്ടായിരിക്കണം.

1. ടൈപ്പ്റൈറ്റിംഗ് ലോവർ ഗ്രേഡിന് മിനിട്ടിൽ ഇംഗ്ലീഷ് 30 വാക്കുകളും മലയാളം 25 വാക്കുകളും ഹിന്ദി 25 വാക്കുകളുമാണ് ടൈപ്പ് ചെയ്യാനുള്ള വേഗത. ടൈപ്പ്റൈറ്റിംഗ് ഇംഗ്ലീഷ് ഹയർ ഗ്രേഡിന് 45 വാക്കുകളും ഹൈസ്പീഡിന് ആകെ 10 മിനിട്ടുകൊണ്ട് 3375 സ്ട്രോക്കും മലയാളം ടൈപ്പ്റൈറ്റിംഗ് ഹയർഗ്രേഡിന് 35 വാക്കുകളും ഹിന്ദി ടൈപ്പ്റൈറ്റിംഗ് ഹയർ ഗ്രേഡിന് 35 വാക്കുകളുമാണ് ടൈപ്പുചെയ്യാനുള്ള വേഗത. 01/10/2011 ലെ സർക്കാർ ഉത്തരവ് (എം.എസ്) നം. 246/11/ഉ.വി.വ. അനുസരിച്ച് കെ.ജി.ടി.ഇ ടൈപ്പ്റൈറ്റിംഗ് ഹിന്ദി പരീക്ഷയുടെ ആകെ ചോദ്യങ്ങളുടെ എണ്ണം 4-ഉം പരീക്ഷാ സമയം 2 മണിക്കൂറും ആയിരിക്കും.

2. ഷോർട്ട് ഹാൻഡ് ഇംഗ്ലീഷ് ലോവർ ഗ്രേഡിന് മിനിട്ടിൽ 80 വാക്കുകളും ഹയർ ഗ്രേഡിന് 120 വാക്കുകളും ആണ് വേഗത. ഷോർട്ട് ഹാന്റ് ഇംഗ്ലീഷ് ഹൈസ്പീഡിന് 150 വാക്കുകളാണ് വേണ്ടത്. ഹൈസ്പീഡിന് ഹയർ ഗ്രേഡും പാസായിരിക്കണം. എന്നാൽ ടൈപ്പ്റൈറ്റിംഗ് ഒരു വിഷയമായി എസ്.എസ്.എൽ.സി. പാസായവരെ ടൈപ്പ്റൈറ്റിംഗ് ഇംഗ്ലീഷ് ഹയർഗ്രേഡിന് ചേരുന്നതിന് കർണാടക സെക്കണ്ടറി എഡ്യൂക്കേഷൻ ബോർഡ് നടത്തുന്ന ടൈപ്പ്റൈറ്റിഗും, ഷോർട്ട്ഹാൻഡും ജൂനിയർ ഗ്രേഡും സീനിയർ ഗ്രേഡും പാസ്സായവർക്ക് യഥാക്രമം കെ.ജി.ടി. ടൈപ്പ്റൈറ്റിംഗും ഷോർട്ട്ഹാൻഡും ഇംഗ്ലീഷ് ഹയർ ഹൈസ്പീഡ് ഗ്രേഡുകൾക്കും മറ്റു വിധത്തിൽ യോഗ്യരാണെങ്കിൽ പരീക്ഷ എഴുതാവുന്നതാണ്. ഏതെങ്കിലും ഒരു വിഷയത്തിന് നിയമവിധേയമായി നേരത്തെ പരീക്ഷ എഴുതി തോറ്റവർക്ക് വീണ്ടും അതേ വിഷയത്തിന് തന്നെ അപേക്ഷിക്കാവുന്നതാണ്.

   2 (എ) :- ഷോർട്ട് ഹാൻഡ് മലയാളം ലോവർ ഗ്രേഡിന് മിനിട്ടിൽ 50 വാക്കുകളും, ഹയർ ഗ്രേഡിന് മിനിട്ടിൽ 75 വാക്കുകളും ആണ് വേഗത.

## (സി) കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗ് ലോവർ/ഹയർ

നിലവിലെ സിലബസ് പ്രകാരം കേരളാ സർക്കാർ നടത്തുന്ന ടൈപ്പ്റൈറ്റിംഗ് ഇംഗ്ലീഷ്/മലയാളം (ലോവർ/ഹയർ) പരീക്ഷകൾക്ക് മൂന്നാം പേപ്പറായി കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗ് ഉൾക്കൊള്ളിച്ചിരിക്കുന്നു.

## <u>അപേക്ഷ സമർപ്പിക്കുന്നത് സംബന്ധിച്ച പൊതുനിർദ്ദേശങ്ങൾ</u>

ഈ വിജ്ഞാപനത്തിൽ പറഞ്ഞിരിക്കുന്നത് അനുസരിച്ച് ഓൺലൈൻ മുഖാന്തിരം അപേക്ഷ സമർപ്പിക്കുന്നവിധം സംബന്ധിച്ച കൃത്യമായ വിവരങ്ങൾ പരീക്ഷാഭവന്റെ വെബ്സൈറ്റിൽ നിന്നും ലഭിക്കുന്നതാണ്.

1. നേരത്തെ പരീക്ഷ എഴുതി തോറ്റ വിഷയത്തിന് ഇപ്പോൾ വീണ്ടും അപേക്ഷിക്കുകയാണെങ്കിൽ ഗസറ്റഡ് ആഫീസർ സാക്ഷ്യപ്പെടുത്തിയ മാർക്ക് ലിസ്റ്റിന്റെ പകർപ്പ് ഹാജരാക്കേണ്ടതാണ്.

2. സർക്കാർ അംഗീകൃത സമ്പ്രദായങ്ങളിൽ മാത്രമേ ഇംഗ്ലീഷിലും മലയാളത്തിലും ഷോർട്ട് ഹാൻഡ് പരീക്ഷയ്ക്ക് ഹാജരാകുവാൻ അനുവാദമുള്ളൂ. സർക്കാർ അംഗീകരിക്കാത്ത സമ്പ്രദായങ്ങളിൽ പരീക്ഷ എഴുതുവാൻ ആവശ്യപ്പെട്ട് സമർപ്പിക്കുന്ന അപേക്ഷകൾ മറ്റൊരു അറിയിപ്പ് കൂടാതെ നിരസിക്കുന്നതായിരിക്കും.

3. ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട്, ''സെക്രട്ടറി, പരീക്ഷാകമ്മീഷണറുടെ ആഫീസ്, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695012'' എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്.

4. അപേക്ഷകൾ അയയ്ക്കുന്ന കവറുകളുടെ പുറത്ത് <u>**കെ.ജി.ടി.കൊമേഴ്സ് പരീക്ഷ മെയ് 2023**</u> എന്ന് നിർബന്ധമായും രേഖപ്പെടുത്തിയിരിക്കണം.

5. ജനനത്തീയതി, വിദ്യാഭ്യാസ യോഗ്യത ഇവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകളുടെ പകർപ്പ് ഏതെങ്കിലും ഗസറ്റഡ് ആഫീസർ സാക്ഷ്യപ്പെടുത്തിയിരിക്കണം.

6. ഒന്നിലധികം വിഷയങ്ങൾ എഴുതുന്നവർ ഓരോ വിഷയത്തിനും പ്രത്യേകം അപേക്ഷകൾ സമർപ്പിക്കാൻ പാടില്ല. എല്ലാ വിഷയങ്ങളും ഒരു അപേക്ഷയിൽ തന്നെ ഉൾക്കൊള്ളിക്കേണ്ടതാണ്. പരീക്ഷ എഴുതി വിജയിച്ച അപേക്ഷകർ വീണ്ടും പ്രസ്തുത വിഷയം അപേക്ഷയിൽ ഉൾപ്പെടുത്തരുത്.

7. ഈ വിജ്ഞാപനത്തിൽ പരാമർശിച്ചിരിക്കുന്നതിൽ നിന്ന് വ്യത്യസ്തമായി സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

8. <u>**പരീക്ഷാഫലം പ്രഖ്യാപിച്ച് കഴിഞ്ഞാൽ പരീക്ഷാ സംബന്ധമായ എല്ലാ തീരുമാനങ്ങൾക്കും ആറു മാസം മാത്രമേ കാലാവധി ഉണ്ടായിരിക്കുകയുള്ളൂ.**</u>

   റിസൾട്ട് പ്രസിദ്ധീകരിച്ച് സർട്ടിഫിക്കറ്റു പരിശോധനയിൽ പരീക്ഷാർത്ഥി പരാജയപ്പെട്ടതായി കണ്ടാൽ ഈ പരീക്ഷാർത്ഥി പരാജയപ്പെട്ടതായി കണക്കാക്കി സർട്ടിഫിക്കറ്റ് റദ്ദ് ചെയ്യുന്നതാണ്.

9. ഒരു സെന്ററിൽ 50 കുട്ടികളിൽ കുറവായി കണ്ടാൽ തൊട്ടടുത്ത പരീക്ഷാ സെന്ററിലേക്ക് പരീക്ഷാർത്ഥികളെ ക്ലബ് ചെയ്യുന്നതായിരിക്കും.

10. മറ്റു സംസ്ഥാനങ്ങളിൽ നിന്നും പത്താംതരം പരീക്ഷ പാസ്സായ സർട്ടിഫിക്കറ്റ് ഉള്ളവരും/വി.എച്ച്.എസ്.ഇ./മറ്റു യോഗ്യതാപരീക്ഷ വിജയിച്ചിട്ടുള്ള അപേക്ഷാർത്ഥികളും ബന്ധപ്പെട്ട അധികാരികളിൽ നിന്നും ലഭിക്കുന്ന തുല്യതാ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

## ഹാൾടിക്കറ്റ്

1. പരീക്ഷ തുടങ്ങുന്നതിന് മൂന്ന് ദിവസം മുൻപ് ഹാൾടിക്കറ്റ് പരീക്ഷാർത്ഥികൾക്ക് പരീക്ഷാഭവന്റെ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്.
2. പരീക്ഷാസമയത്ത് ഹാൾടിക്കറ്റ് പരീക്ഷാർത്ഥിയുടെ കൈവശം ഉണ്ടായിരിക്കേണ്ടതും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ആവശ്യപ്പെട്ടാൽ പരിശോധനയ്ക്ക് നൽകേണ്ടതുമാണ്. ഹാൾടിക്കറ്റില്ലാതെ പരീക്ഷയ്ക്കിരിക്കുവാൻ ഒരു പരീക്ഷാർത്ഥിയേയും അനുവദിക്കുന്നതല്ല.
3. ഹാൾടിക്കറ്റിനോടൊപ്പം താഴെപ്പറയുന്ന ഏതെങ്കിലും തിരിച്ചറിയൽ കാർഡിന്റെ അസ്സൽ പരീക്ഷാഹാളിൽ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്

(1. തെരെഞ്ഞെടുപ്പ് കമ്മീഷണൻ നൽകുന്ന വോട്ടേഴ്സ് ഐഡി കാർഡ്, 2. ഡ്രൈവിംഗ് ലൈസൻസ് 3. പാസ്സ്പോർട്ട്, 4. പാൻ കാർഡ്, 5. സോഷ്യൽ വെൽഫെയർ വകുപ്പ് ഭിന്നശേഷിക്കാർക്ക് അനുവദിച്ച് നൽകുന്ന തിരിച്ചറിയൽ കാർഡ്, 6. ദേശസാൽകൃത ബാങ്കുകൾ നൽകുന്ന ഫോട്ടോ പതിച്ച പാസ്ബുക്ക്, 7. ഗവ.ജീവനക്കാർക്ക് അതത് വകുപ്പ്/സ്ഥാപനം നൽകുന്ന തിരിച്ചറിയൽ കാർഡ്, 8. കേന്ദ്ര ഗവൺമെന്റ് നൽകുന്ന ആധാർ കാർഡ്)

## വേഡ് പ്രോസസ്സിംഗ് പരീക്ഷ സംബന്ധിച്ച നിർദ്ദേശങ്ങൾ

1. എൽ.ബി.എസ്. സെന്റർ വികസിപ്പിച്ച സോഫ്റ്റ്വെയർ ഉപയോഗിച്ചാണ് പേപ്പർ I പരീക്ഷ നടത്തുന്നത് പേപ്പർ II എം.എസ്. വേഡ് 2007/ ഹയർ വെർഷൻ ഉപയോഗിച്ചാണ് പരീക്ഷ നടത്തുന്നത്.
2. വേഡ് പ്രോസസ്സിംഗ് മലയാളം ലോവർ/ഹയർ പേപ്പർ I പരീക്ഷ ടൈപ്പ് റൈറ്റിംഗ്/ ഇൻസ്ക്രിപ്റ്റ് മോഡുകളിലാണ് നടത്തുന്നത്.
3. വേഡ് പ്രോസസ്സിംഗ് മലയാളം ലോവർ/ഹയർ പരീക്ഷയ്ക്ക് ടൈപ്പ്റൈറ്റിംഗ്/ ഇൻസ്ക്രിപ്റ്റ് മോഡുകൾ ഉള്ളതിൽ ഏത് മോഡിലാണ് പരിശീലനം നേടിയതെന്ന് പരീക്ഷാർത്ഥിക്ക് വ്യക്തമായി അറിവുണ്ടായിരിക്കേണ്ടതാണ്.
4. വേഡ് പ്രോസസ്സിംഗ് മലയാളം ലോവർ/ഹയർ പേപ്പർ II പരീക്ഷയ്ക്ക് എം.എസ് വേഡിൽ ഉള്ള എല്ലാ മലയാള ഫോണ്ടുകളും ഉപയോഗിക്കാവുന്നതാണ്.
5. വേഡ് പ്രോസസ്സിംഗ് മലയാളം ലോവർ/ഹയർ പേപ്പർ II പരീക്ഷയ്ക്ക് എം.എസ്.വേഡ് 2007/ ഹയർ വെർഷൻ ഉപയോഗിച്ചാണ് പരിശീലിക്കേണ്ടത്.
6. പരീക്ഷാ സമയത്ത് പരീക്ഷാർത്ഥികൾ പരീക്ഷാ ഭവന്റെ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത ഹാൾടിക്കറ്റും എൽ.ബി.എസ് സെന്ററിന്റെ

വെബ്സൈറ്റിൽ നിന്നും പ്രിന്റെടുത്ത രജിസ്ട്രേഷൻ സ്ലിപ്പും നിർബന്ധമായും കൊണ്ടുവരേണ്ടതാണ്. ഇല്ലാത്തപക്ഷം പരീക്ഷ എഴുതുവാൻ അനുവദിക്കുന്നതല്ല.

7. വേഡ് പ്രോസസ്സിംഗ് ഇംഗ്ലീഷ് & മലയാളം ലോവർ/ഹയർ പരീക്ഷയ്ക്ക് ഓരോ പേപ്പറിനും (പേപ്പർ I, പേപ്പർ II) ചുരുങ്ങിയത് 40% മാർക്ക് ലഭിച്ചാൽ മാത്രമേ വിജയിക്കുകയുള്ളൂ.

## <u>ടൈപ്പ്റൈറ്റിംഗ് പരീക്ഷ സംബന്ധിക്കുന്ന നിർദ്ദേശങ്ങൾ</u>

1. പരീക്ഷാർത്ഥികളുടെ എണ്ണം അനുസരിച്ച് മാത്രമേ ബാച്ച് അനുവദിക്കുകയുള്ളൂ.
2. ടൈപ്പ്റൈറ്റിംഗ് ഇംഗ്ലീഷ് ലോവർ/ഹയർ ഗ്രേഡുകൾക്ക് യഥാക്രമം എട്ടും ആറും ബാച്ചുകളും ഇംഗ്ലീഷ് ഹൈസ്പീഡിന് ഒരു ബാച്ചും ഉണ്ടായിരിക്കും. മലയാളം ലോവറിന് ഒൻപത് ബാച്ചും ഹയറിന് ആറ് ബാച്ചും ഹിന്ദി ലോവറിന് നാല് ബാച്ചും ഹയറിന് മൂന്ന് ബാച്ചുകളും ഉണ്ടായിരിക്കും. പരീക്ഷാർത്ഥികൾ നേരിട്ടോ ഇൻസ്റ്റിറ്റ്യൂട്ട് പ്രിൻസിപ്പാൾ വഴിയോ ഏത് ബാച്ചിൽ പരീക്ഷ എഴുതുവാൻ ഉദ്ദേശിക്കുന്നുവെന്ന വിവരം പരീക്ഷാ കേന്ദ്രത്തിലെ ചീഫ് സൂപ്രണ്ടിനെ നേരത്തേ തന്നെ അറിയിച്ചിരിക്കണം.
3 ഷോർട്ട് ഹാൻഡ് പരീക്ഷയ്ക്ക് ഷോർട്ട്നോട്ട് ലോംഗ്ഹാന്റിൽ പകർത്തുവാൻ ആവശ്യമെങ്കിൽ ടൈപ്പ്റൈറ്റർ ഉപയോഗിക്കാവുന്നതാണ്.
4 ടൈപ്പ്റൈറ്റിംഗ് പരീക്ഷയ്ക്ക് ഉത്തരക്കടലാസിൽ തീയതി, ബാച്ച് നമ്പർ, വിഷയം, ഗ്രേഡ്, രജിസ്റ്റർ നമ്പർ, ഇവ ടൈപ്പ് ചെയ്യുന്നതിനു പുറമെ രജിസ്റ്റർ നമ്പർ പേന ഉപയോഗിച്ച് ആദ്യപേജിൽ നിർബന്ധമായും എഴുതണം. **<u>രജിസ്റ്റർ നമ്പർ തെറ്റിച്ചെഴുതി ഫലം തടഞ്ഞു വയ്ക്കേണ്ടി വന്നാൽ അതിന്റെ ഉത്തരവാദിത്തം പരീക്ഷാർത്ഥികളിൽ മാത്രം നിക്ഷിപ്തമായിരിക്കുന്നതാണ്.</u>**
5 ഓരോ പേപ്പറിന്റെയും ഉത്തരക്കടലാസുകൾ പ്രത്യേകം തുന്നിക്കെട്ടണം. ഒരു കാരണവശാലും ഒന്നും രണ്ടും പേപ്പറുകളുടെ ഉത്തരക്കടലാസ് ഒരുമിച്ച് തുന്നിക്കെട്ടരുത്.
6. പരീക്ഷയ്ക്കാവശ്യമായ എല്ലാ ഉപകരണങ്ങളും അവരവർ തന്നെ കൊണ്ടുവരേണ്ടതാണ്.
7. എഴുതിയതോ, പ്രിന്റ് ചെയ്തതോ ആയ കടലാസ്, മൊബൈൽ ഫോൺ, ബുക്ക്, വരയിട്ട കടലാസ്, ഇലക്ട്രോണിക് ഡിജിറ്റൽ വാച്ച് തുടങ്ങിയ സാധനങ്ങളൊന്നും തന്നെ പരീക്ഷാഹാളിൽ കൊണ്ടുവരാൻ പാടില്ല. ഉത്തരങ്ങൾ എഴുതുവാനുള്ള/ ടൈപ്പ് ചെയ്യുവാനുള്ള പേപ്പർ, വരയിട്ട കടലാസ്, ഷോർട്ട് ഹാൻഡ് നോട്ട്ബുക്ക്, ലഡ്ജർ പേപ്പർ, ട്വയിൻ എന്നിവ പരീക്ഷാ കേന്ദ്രത്തിൽ നിന്നും ലഭിക്കും.
8 പകർച്ചവ്യാധിയുള്ളവരെ പരീക്ഷയ്ക്കിരുത്തുന്നതല്ല.
9 പരീക്ഷ നടന്നുകൊണ്ടിരിക്കെ ഹാൾ വിടുന്ന പരീക്ഷാർത്ഥിയെ വീണ്ടും പരീക്ഷാ ഹാളിൽ കടക്കുവാൻ അനുവദിക്കുന്നതല്ല.

10. പരീക്ഷ ആരംഭിക്കുന്നതിന് 5 മിനിട്ട് മുൻപ് പരീക്ഷാർത്ഥികൾ പരീക്ഷാഹാളിൽ ഹാജരാകേണ്ടതാണ്.

11. ഹാളിനുള്ളിൽ നിശ്ശബ്ദത പാലിക്കേണ്ടതാണ്. സൂപ്രണ്ടുമാരുടെ നിർദ്ദേശങ്ങൾ പരീക്ഷാർത്ഥികൾ അനുസരിക്കണം.

12. അപേക്ഷയിൽ തന്നിരിക്കുന്ന വിവരങ്ങൾ തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടാൽ പരീക്ഷാഫലം തടഞ്ഞുവയ്ക്കുന്നതായിരിക്കും. തെറ്റായ വിവരങ്ങൾ തന്നത് ബോധപൂർവ്വമാണെന്ന് തെളിഞ്ഞാൽ പരീക്ഷാർത്ഥിയുടെ പരീക്ഷാർത്ഥിത്വം റദ്ദാക്കുന്നതാണ്.

13. പരീക്ഷയിൽ ക്രമക്കേടുകൾ കാണിക്കുകയോ ഹാളിനുള്ളിലോ പുറത്തോ നിയമ വിരുദ്ധമായി പെരുമാറുകയോ ചെയ്യുന്നവർക്കെതിരെ ബന്ധപ്പെട്ടവരിൽ നിന്ന് ലഭിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടികളെടുക്കുന്നതായിരിക്കും. ഈ ബോർഡ് നടത്തുന്ന പരീക്ഷകളെ സംബന്ധിക്കുന്ന പൊതു നിയമങ്ങളും നിർദ്ദേശങ്ങളും ഈ പരീക്ഷയ്ക്കും ബാധകമാണ്.

14. പരീക്ഷയ്ക്കുശേഷം ചോദ്യപേപ്പർ പരീക്ഷാർത്ഥികൾക്ക് കൊണ്ടു പോകാവുന്നതാണ്.

**<u>പരീക്ഷയ്ക്ക് ഉപയോഗിക്കുവാൻ അംഗീകരിച്ചിട്ടുള്ള ടൈപ്പ്റൈറ്ററുകൾ</u>**

1. റമിംഗ്ടൺ
2. റോയൽ എംപയർ
3. ബാഡ്ലാക്
4. കേപ്പൽ
5. ഐഡിയർ
6. എറിക്കാ
7. കൊറാണി
8. ടോർപ്പിഡോ
9. ഗോദറേജ്
10. സ്മിത്ത് പ്രിമിയർ
11. ഇമ്പീരിയൽ
12. മെഴ്സിഡസ്
13. ഡിമൗണ്ടബിൾ
14. ഹാൾഡാ
15. ആർ.ബി.അല്ലൻ
16. വുഡ്സ്റ്റോക്ക്
17. ഓർഗാ പ്രൈവറ്റ്
18. ഉറാനിയാ
19. ഓളിവർ
20. കോണ്ടിജന്റൽ
21. മൊണാർക്ക്
22. എൽ.സി. സ്മിത്ത് ആൻഡ് ബ്രദേഴ്സ്
23. ഒളിംബിയ
24. ഹെഗ്സ്
25. ബി.ഈ
26. ബ്രിട്ടീഷ് എംബയർ
27. ഒളിവെട്ടി
28. അഡ്ലർ
29. ഫാസിറ്റ്

പരീക്ഷാസമയത്ത് ഇൻസ്റ്റിറ്റ്യൂട്ട് അധികാരികളെയോ പുറമെ നിന്നുള്ളവരെയോ പരീക്ഷാഹാളിലും പരിസരത്തും നിൽക്കുവാൻ അനുവദിക്കുന്നതല്ല.

പരീക്ഷാ നടത്തിപ്പിനെ സംബന്ധിച്ച കൂടുതൽ നിർദ്ദേശങ്ങൾ പരീക്ഷാ കമ്മീഷണറുടെ സെക്രട്ടറിയോ, അധികാരമുള്ള മറ്റ് ആഫീസറോ നൽകുന്നതായിരിക്കും.

കെ.ജി.റ്റി പരീക്ഷകൾ **<u>പരീക്ഷാ സെന്ററിന്റെ താഴത്തെ നിലയിൽ</u>** തന്നെ നടത്തുവാൻ സെന്റർ അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

**<u>സർക്കാർ ഉത്തരവിന് വിധേയമായി വിജ്ഞാപനത്തിൽ മാറ്റങ്ങൾ വരുത്തുന്നതായിരിക്കും.</u>**

ജീവൻ ബാബു കെ. ഐ.എ.എസ്.
പൊതുവിദ്യാഭ്യാസ ഡയറക്ടർ &
പരീക്ഷാ കമ്മീഷണർ

പരീക്ഷാ കമ്മീഷണറുടെ ആഫീസ്
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം-12

# അനുബന്ധം -1

## കെ.ജി.ടി. പരീക്ഷ

## മെയ് 2023

**ഉത്തരക്കടലാസിന് ലഭിച്ച മാർക്കുകളുടെ റീകൗണ്ടിംങ്ങിനുള്ള അപേക്ഷ**

പരീക്ഷാകേന്ദ്രം:

1. വിദ്യാർത്ഥിയുടെ പേര്, ഇനിഷ്യൽ :

2. രജിസ്റ്റർ നമ്പർ :

3. റീ കൗണ്ടിംഗിന് ഉദ്ദേശിക്കുന്ന വിഷയം (പേരും പേപ്പർ നമ്പരും) :

4. റീ കൗണ്ടിംഗിന് ആവശ്യപ്പെടുന്ന വിഷയത്തിന് ലഭിച്ചിരിക്കുന്ന മാർക്കുകൾ :

ട്രഷറി :

5. അടച്ച ഫീസ് (ഓരോ പേപ്പറിനും 50 രൂപ ഹെഡ് 0202-01-102-92 അദർ റസീപ്റ്റ്സ്) :

6 ചെലാൻ നമ്പർ :

7 വിദ്യാർത്ഥിയുടെ പൂർണ്ണമായ പോസ്റ്റൽ വിലാസം:

സ്ഥലം.......................

തീയതി..................... വിദ്യാർത്ഥിയുടെ ഒപ്പ്

കുറിപ്പ് : അസ്സൽ ചെലാൻ രസീത് ഈ അപേക്ഷയോടൊപ്പം പിൻ ചെയ്ത് അയയ്ക്കേണ്ടതാണ്.

.................................................................................................

# അനുബന്ധം -2

## കെ.ജി.ടി പരീക്ഷ മെയ് 2023

### ഡ്യൂപ്ലിക്കേറ്റ് അഡ്മിഷൻ ടിക്കറ്റ് ലഭിക്കുന്നതിനുള്ള അപേക്ഷ

1. വിദ്യാർത്ഥിയുടെ പേര്, ഇനിഷ്യൽ :

2. രജിസ്റ്റർ നമ്പർ :

3. കെ.ജി.ടി പരീക്ഷാ കേന്ദ്രം :

4. പരീക്ഷ എഴുതാൻ ഉദ്ദേശിക്കുന്ന വിഷയങ്ങൾ :

5 ഡ്യൂപ്ലിക്കേറ്റ് അഡ്മിഷൻ ടിക്കറ്റിനു വേണ്ടി 0202-01-102-92 അദർ റസീപ്റ്റ്സ് അടച്ച 10 രൂപയുടെ

ചെലാൻ നമ്പർ : തീയതി : ട്രഷറി :

6 അസ്സൽ അഡ്മിഷൻ ടിക്കറ്റ് നഷ്ടപ്പെടുവാനിടയായ സാഹചര്യം :

7. വിദ്യാർത്ഥിയുടെ പൂർണ്ണമായ പോസ്റ്റൽ വിലാസം :

മുകളിൽ പറഞ്ഞിരിക്കുന്ന വിവരങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും സത്യമാണെന്നും അസ്സൽ അഡ്മിഷൻ ടിക്കറ്റ് യാതൊരു സാഹചര്യത്തിലും ദുരുപയോഗപ്പെടുത്തിയിട്ടില്ലെന്നും ബോധിപ്പിച്ചു കൊള്ളുന്നു.

സ്ഥലം...........................

തീയതി..........................

വിദ്യാർത്ഥിയുടെ ഒപ്പ്

കുറിപ്പ്: അസ്സൽ ചെലാൻ രസീതും പൂർണ്ണമായി പൂരിപ്പിച്ച് ഫോട്ടോ പതിച്ച് അറ്റസ്റ്റ് ചെയ്യിച്ച ഹാൾടിക്കറ്റിന്റെ കോപ്പിയും ഇതോടൊപ്പം ചീഫ് സൂപ്രണ്ടിന്റെ ശുപാർശയോടെ അയയ്ക്കണം.

**അപേക്ഷ ഓൺലൈൻ വഴി സമർപ്പിക്കുന്നതിന് താഴെ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്**

പരീക്ഷയ്ക്കുള്ള അപേക്ഷ **29/03/2023 (ബുധൻ) വൈകുന്നേരം 4.00 മണി മുതൽ 11/04/2023 (ചൊവ്വ) വൈകുന്നേരം 5.00 മണി** വരെ ഓൺലൈനിൽ സമർപ്പിക്കാവുന്നതാണ്.

**കെ.ജി.റ്റി പരീക്ഷ രജിസ്ട്രേഷൻ മുന്നൊരുക്കങ്ങൾ :-**

1. കെ.ജി.റ്റി ഹയർ പരീക്ഷ എഴുതുന്നവർ എഴുതുന്ന വിഷയങ്ങളുടെ ലോവർ പരീക്ഷ പാസ്സായ സർട്ടിഫിക്കറ്റ് സ്കാൻ ചെയ്ത് Pdf ഫോർമാറ്റിൽ Add ചെയ്യണം. File size 1 KB to 1 MB വരെ ആകാം.
2. കെ.ജി.റ്റി പാർട്ടായി പരീക്ഷ എഴുതുന്നവർ മുൻപ്രാവശ്യം എഴുതി വിജയിച്ച പാർട്ടിന്റെ മാർക്ക് ലിസ്റ്റ് സ്കാൻ ചെയ്ത് Pdf ഫോർമാറ്റിൽ Add ചെയ്യണം. File size 1 KB to 1 MB വരെ ആകാം.
3. 2001-ന് മുമ്പ് ടൈപ്പ്റൈറ്റിംഗ് ഇംഗ്ലീഷ് വിജയിച്ചവരും/2011-ന് മുമ്പ് ടൈപ്പ്റൈറ്റിംഗ് മലയാളം വിജയിച്ചവരും മൂന്നാം പേപ്പറായ വേഡ് പ്രോസസ്സിംഗ് റഗുലർ ആയി എഴുതുന്നതിന് ആ വിഷയത്തിന്റെ പാസ്സായ ടൈപ്പ്റൈറ്റിംഗ് സർട്ടിഫിക്കറ്റ് Pdf ഫോർമാറ്റ് ആക്കി Add ചെയ്യണം. File size 1 KB to 1 MB വരെ ആകാം.
4. പരീക്ഷാർത്ഥികൾ അവരുടെ ഫോട്ടോ jpeg/jpg ഫോർമാറ്റ് ആക്കി Add ചെയ്യണം. ഫോട്ടോ size 20 KB to 30 KB വരെ ആകാം. കൂടാതെ Width and Height of Photo 150 Pixel × 200 Pixel ആയിരിക്കണം.
5. പരീക്ഷ ഫീസ് Online Payment ചെയ്യുന്നതിനായി Credit Card/Debit Card/Online Payment credentials എന്നിവയിൽ ഏതെങ്കിലും കൈവശമുണ്ടായിരിക്കേണ്ടതാണ്.

**കെ.ജി.റ്റി പരീക്ഷാ രജിസ്ട്രേഷൻ നിർദ്ദേശങ്ങൾ**

- പരീക്ഷാഭവന്റെവെബ്സൈറ്റായ www.kgtexam.kerala.gov.in, http://pareekshabhavan.kerala.gov.in മുഖാന്തിരം ഓൺലൈൻ വഴി അപേക്ഷ നൽകേണ്ടതാണ്.

1. കെ.ജി.റ്റി പരീക്ഷ വെബ്സൈറ്റിന്റെ Home Page- ൽ നിന്ന് തന്നെ Candidate Registration Menu Click ചെയ്ത് Register ചെയ്യാവുന്നതാണ്.
2. Candidate Registration വിഭാഗത്തിൽ step – 1, Step – 2, Step – 3, Step – 4 എന്നിവ ഉണ്ടായിരിക്കും.
3. Step 1 -ൽ Personal Information നൽകാവുന്നതാണ്.
4. Step 1-ൽ Category Choose ചെയ്യുമ്പോൾ പ്രത്യേകം ശ്രദ്ധിക്കണം.Category -യെ അനുസരിച്ചായിരിക്കും Fee Concession ലഭിക്കുന്നത്.
5. Step 2-ൽ Academic Details ഉം Photo-യും Add ചെയ്യണം, Photo size 20 KB to 30 KB വരെയുള്ള jpeg, jpg format ആയിരിക്കണം. കൂടാതെ Width and Height of Photo 150 pixel x 200 pixel ആയിരിക്കണം.

6. Step 3-ൽ Examination Information നൽകണം. അതായത് അപേക്ഷകർ എഴുതുന്ന വിഷയത്തെക്കുറിച്ചും സെന്ററിനെക്കുറിച്ചും വിവരങ്ങൾ നൽകണം. ഈ വിഭാഗത്തിൽ Regular and Part എന്നതിൽ എല്ലാ വിഷയങ്ങളും ലഭ്യമാണ്. ഇതിൽ Regular ആയി പരീക്ഷ എഴുതുന്നവർ (പുതുതായി ഒരു വിഷയത്തിന് അപേക്ഷിക്കുന്നവർ)

1. Typewriting English and Computer Word Processing Lower
2. Typewriting English and Computer Word Processing Higher
3. Typewriting English (High Speed)
4. Typewriting Malayalam and Computer Word Processing Lower
5. Typewriting Malayalam and Computer Word Processing Higher
6. Typewriting Hindi (Lower)
7. Typewriting Hindi (Higher)
8. Shorthand English (Lower)
9. Shorthand English (Higher)
10. Shorthand English (High Speed)
11. Shorthand Malayalam (Lower)
12. Shorthand Malayalam (Higher)
13. Computer Word Processing English (Lower) Regular
14. Computer Word Processing English (Higher) Regular
15. Computer Word Processing Malayalam (Lower) Regular
16. Computer Word Processing Malayalam (Higher) Regular

എന്നിവ Regular and Part Subjects എന്ന option- ൽ ലഭ്യമാണ്. അവിടെ ലഭ്യമാകുന്ന Select option- ൽ നിന്നും വേണ്ട വിഷയങ്ങൾ തെരെഞ്ഞെടുക്കാവുന്നതാണ്. മേൽപറഞ്ഞ ഹയർ വിഭാഗത്തിൽ പരീക്ഷ എഴുതുന്നവർ ഇപ്പോൾ എഴുതുന്ന വിഷയത്തിന്റെ ലോവർ പേപ്പറിന്റെ Previous year, Previous Month, Previous Register Number, Previous Certificate എന്നിവ Add ചെയ്യണം.

Computer Word Processing Regular വിഭാഗം എഴുതുന്നവർ അതാത് വിഷയത്തിന്റെ Typewriting Pass ആയ Previous Year, Previous Month, Previous Register Number, Previous Certificate എന്നിവ add ചെയ്യണം.

Part ആയിട്ട് Subject choose ചെയ്യുന്നവർ (അതായതു മുൻപ് എഴുതി പരാജയപ്പെട്ട Part Subject എഴുതുന്നവർ) Regular and Part Subject എന്ന select option ൽ നിന്നും താഴെ പറയുന്ന Part Subject തെരെഞ്ഞെടുക്കാവുന്നതാണ്.

1. Typewriting English Lower (Part)
2. Typewriting English Higher (Part)
3. Typewriting Malayalam Lower (Part)

4. Typewriting Malayalam Higher (Part)
5. Word Processing Malayalam Lower (Part)
6. Word Processing Malayalam Higher (Part)
7. Word Processing English Lower (Part)
8. Word Processing English Higher (Part)

Part വിഭാഗത്തിൽ പരീക്ഷ എഴുതുന്നവർ മുൻ പ്രാവശ്യം എഴുതി വിജയിച്ച പാർട്ടിന്റെ Register Number, Year, Month, Previous Mark List എന്നിവ Add ചെയ്യണം. (ഉദാ. Typewriting English Lower Part Choose ചെയ്യുന്നവർ മുൻപ് വിജയിച്ച Word Processing English Lower ന്റെ Details add ചെയ്യണം)

(a) 2001 ന് മുമ്പ് ടൈപ്പ്റൈറ്റിംഗ് ഇംഗ്ലീഷ്/2011 ന് മുമ്പ് ടൈപ്പ്റൈറ്റിംഗ് മലയാളം ഒന്നും രണ്ടും പേപ്പർ മാത്രം എഴുതി സർട്ടിഫിക്കറ്റ് ലഭിച്ചവർ മൂന്നാം പേപ്പറായ Word Processing **റഗുലറായി** എഴുതുന്നതിന് തെരഞ്ഞെടുക്കേണ്ടതാണ്.

(b) പരീക്ഷയുടെ വിവരങ്ങൾ രേഖപ്പെടുത്തുമ്പോൾ Category രേഖപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. Category പിന്നീട് edit ചെയ്യാനുള്ള option ഉണ്ടായിരിക്കുന്നതല്ല.

**Step 1, Step 2, Step 3 വിവരങ്ങൾ നൽകിയ അപേക്ഷകർക്ക് Preview Button Click ചെയ്യുമ്പോൾ ലഭ്യമാകുന്ന Preview of the Candidate പരിശോധിച്ച് പരീക്ഷാർത്ഥി add ചെയ്ത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്. തെറ്റുണ്ടെങ്കിൽ Edit Button Click ചെയ്ത് വിവരങ്ങൾ തിരുത്താവുന്നതാണ്. വിവരങ്ങൾ Check ചെയ്ത് ഉറപ്പുവരുത്തിയതിനുശേഷം Save Button Click ചെയ്ത് Save ചെയ്യാവുന്നതാണ്.**

ഇതിനു ശേഷം ഫീസ് അടയ്ക്കേണ്ട അപേക്ഷകർക്ക് Payment Option ലഭ്യമാകുന്നതാണ്. അതായത് Step 4 ൽ ആണ് Payment ചെയ്യേണ്ടത്. Proceed Payment click ചെയ്യുമ്പോൾ കാണുന്ന പേജിൽ Payment Option Choose ചെയ്യണം. Payment ചെയ്തതിനു ശേഷം Applicaton Form Print എടുക്കാവുന്നതാണ്. Fees ആനുകൂല്യമുള്ളവർക്ക് Step 3 യിൽ വിവരങ്ങൾ രേഖപ്പെടുത്തിയ ശേഷം Save ചെയ്ത് Application form confirm ചെയ്ത് Print എടുക്കാവുന്നതാണ്. Confirm ചെയ്തതിനുശേഷം Edit അനുവദിക്കുന്നതല്ല.

**ഒരു പരീക്ഷാർത്ഥി ഒന്നിൽക്കൂടുതൽ വിഷയങ്ങൾ എഴുതുന്നുണ്ടെങ്കിൽ ഓൺലൈനിൽ അപേക്ഷിക്കുമ്പോൾ ഓരോന്നിനും വെവ്വേറെ അപേക്ഷ നൽകാതെ എല്ലാ വിവരങ്ങളും ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ഒരു അപേക്ഷ മാത്രമേ നൽകുവാൻ പാടുള്ളൂ.**

Application Save ചെയ്യുമ്പോൾ ലഭിക്കുന്ന Application ID പിന്നീടുള്ള ഉപയോഗത്തിനു വേണ്ടി സൂക്ഷിച്ചു വയ്ക്കേണ്ടതാണ്. KGTE പരീക്ഷയുടെ Home Page- ൽ നിന്നും Username - Application ID യും, Password - Date of Birth ഉം ഉപയോഗിച്ച് അപേക്ഷകർക്ക് Login ചെയ്ത് Candidate details പരിശോധിക്കാവുന്നതാണ്. Application Register ചെയ്യുന്ന സമയത്ത് ഫീസ് അടയ്ക്കാൻ വിട്ടുപോയവർക്കും മേൽ പറഞ്ഞ രീതിയിൽ Login ചെയ്ത് ഫീസ് അടയ്ക്കാവുന്നതാണ്.

- ഓൺലൈനിൽ അപേക്ഷ സമർപ്പിച്ച് എല്ലാ വിവരങ്ങളും ശരിയാണെന്ന് ഉറപ്പു-വരുത്തിയതിനു ശേഷം അപേക്ഷാ ഫോമിന്റെ പ്രിന്റിനോടൊപ്പം യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റേയും, ഫീസിളവിന് അർഹതയുണ്ടെങ്കിൽ ആയത് തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റേയും, സാക്ഷ്യപ്പെടുത്തിയ കോപ്പികൾ സഹിതം **13/04/2023 (വ്യാഴം) വൈകുന്നേരം 5.00 മണിയ്ക്ക് മുൻപായി** പരീക്ഷാ ഭവനിൽ സമർപ്പിക്കേണ്ടതാണ്.

- പരാജയപ്പെട്ട വിഷയങ്ങൾക്ക് മാത്രം പരീക്ഷ എഴുതുന്നവർ **മുമ്പ് കെ.ജി.ടി പരീക്ഷയ്ക്ക് ലഭിച്ച എല്ലാ മാർക്ക് ലിസ്റ്റിന്റേയും സാക്ഷ്യപ്പെടുത്തിയ പകർപ്പ് നിർബന്ധമായും** അപേക്ഷയോടൊപ്പം ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

- ഷോർട്ട് ഹാന്റ് പരീക്ഷയ്ക്ക് ഒരു റവന്യൂ ജില്ലയിൽ ഒരു സെന്റർ മാത്രമെ ഉണ്ടായി-രിക്കുകയുള്ളൂ. (ഷോർട്ട് ഹാന്റ് സെൻർ ലിസ്റ്റ് അനുബന്ധം 4 ആയി ചേർത്തി-രിക്കുന്നു.) മറ്റു പരീക്ഷകൾക്കായി വേറെ സെന്ററിൽ അപേക്ഷിക്കുന്ന പരീക്ഷാർത്ഥിയും ഷോർട്ട്ഹാന്റ് മാത്രം പ്രസ്തുത സെന്ററിൽ എഴുതേണ്ടതാണ്.

- അപേക്ഷയുടെ പ്രിന്റൗട്ടും അനുബന്ധ രേഖകളും **"സെക്രട്ടറി, പരീക്ഷാ കമ്മീഷണറുടെ ആഫീസ്, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695012"** എന്ന അഡ്രസ്സിൽ 13/04/2023 (വ്യാഴം) വൈകുന്നേരം 5.00 ന് മുൻപ് ലഭ്യമാക്കേണ്ടതാണ്. കവറിനു പുറത്ത് **'കെ.ജി.റ്റി.ഇ മെയ് 2023 അപേക്ഷ'** എന്ന് ചുവന്ന മഷിയിൽ നിർബന്ധമായും രേഖപ്പെടുത്തിയിരിക്കണം. **സെന്റർ കോഡും** ഇതോടൊപ്പം എഴുതേണ്ട താണ്.

***NB: അപേക്ഷ ഫോമിന്റെ ഒരു കോപ്പി പരീക്ഷാർത്ഥിയുടെ കൈവശം സൂക്ഷിക്കേണ്ടതാണ്.***

- **പരീക്ഷയ്ക്കുള്ള അപേക്ഷ 29/03/2023 (ബുധൻ) വൈകുന്നേരം 4.00 മണി മുതൽ 11/04/2023 (ചൊവ്വ) വൈകുന്നേരം 5.00 മണി വരെ ഓൺലൈനിൽ സമർപ്പിക്കാവുന്നതാണ്.**
- **പരീക്ഷാഭവൻ വെബ്സൈറ്റായ *www.kgtexam.kerala.gov.in അല്ലെങ്കിൽ https://pareekshabhavan.kerala.gov.in* മുഖാന്തിരം ഓൺലൈനായി അപേക്ഷിക്കുകയും അപേക്ഷയുടെ പ്രിന്റ് ബന്ധപ്പെട്ട രേഖകൾ സഹിതം 13/04/2023 (വ്യാഴം) വൈകുന്നേരം 5.00 മണിയ്ക്കു മുൻപായി പരീക്ഷാഭവനിൽ ലഭ്യമാക്കേണ്ടതുമാണ്.**

## അനുബന്ധം- 3

## കേരളാ ഗവൺമെന്റ് ടെക്നിക്കൽ എക്സാമിനേഷൻ (കോമേഴ്സ് ഗ്രൂപ്പ്) മെയ് 2023

## ടൈം ടേബിൾ

| ബാച്ച് | ഒന്നാം പേപ്പർ | രണ്ടാം പേപ്പർ |
|---|---|---|
| ടൈപ്പ്റൈറ്റിംഗ്ഇംഗ്ലീഷ് (ലോവർ) | | |
| 22/05/2023 തിങ്കൾ | | |
| 1 | രാവിലെ 9.00 മുതൽ 09.10 വരെ | രാവിലെ 9.30 മുതൽ 11.00 വരെ |
| 2 | രാവിലെ 11.50 മുതൽ 12.00 വരെ | ഉച്ചയ്ക്ക് 12.15 മുതൽ 1.45 വരെ |
| 3 | ഉച്ചയ്ക്ക് 2.30 മുതൽ 02.40 വരെ | ഉച്ചയ്ക്ക് 3.00 മുതൽ 4.30 വരെ |
| 23/05/2023 ചൊവ്വ | | |
| 4 | രാവിലെ 9.00 മുതൽ 09.10 വരെ | രാവിലെ 9.30 മുതൽ 11.00 വരെ |
| 5 | രാവിലെ 11.50 മുതൽ 12.00 വരെ | ഉച്ചയ്ക്ക് 12.15 മുതൽ 1.45 വരെ |
| 6 | ഉച്ചയ്ക്ക് 2.30 മുതൽ 02.40 വരെ | ഉച്ചയ്ക്ക് 3.00 മുതൽ 4.30 വരെ |
| 24/05/2023 ബുധൻ | | |
| 7 | രാവിലെ 9.00 മുതൽ 09.10 വരെ | രാവിലെ 9.30 മുതൽ 11.00 വരെ |
| 8 | രാവിലെ 11.50 മുതൽ 12.00 വരെ | ഉച്ചയ്ക്ക് 12.15 മുതൽ 1.45 വരെ |
| ടൈപ്പ്റൈറ്റിംഗ് മലയാളം (ലോവർ) | | |
| 22/05/2023 തിങ്കൾ | | |
| 1 | രാവിലെ 9.00 മുതൽ 9.10 വരെ | രാവിലെ 9.30 മുതൽ 11.00 വരെ |
| 2 | രാവിലെ 11.50 മുതൽ 12.00 വരെ | ഉച്ചയ്ക്ക്12.15 മുതൽ 1.45 വരെ |
| 3 | ഉച്ചയ്ക്ക് 2.30 മുതൽ 2.40 വരെ | ഉച്ചയ്ക്ക് 3.00 മുതൽ 4.30 വരെ |
| 23/05/2023 ചൊവ്വ | | |
| 4 | രാവിലെ 9.00 മുതൽ 9.10 വരെ | രാവിലെ 9.30 മുതൽ 11.00 വരെ |
| 5 | രാവിലെ 11.50 മുതൽ 12.00 വരെ | ഉച്ചയ്ക്ക് 12.15 മുതൽ 1.45 വരെ |
| 6 | ഉച്ചയ്ക്ക് 2.30 മുതൽ 2.40 വരെ | ഉച്ചയ്ക്ക് 3.00 മുതൽ 4.30 വരെ |
| 24/05/2023 ബുധൻ | | |
| 7 | രാവിലെ 9.00 മുതൽ 9.10 വരെ | രാവിലെ 9.30 മുതൽ 11.00 വരെ |
| 8 | രാവിലെ 11.50 മുതൽ 12.00 വരെ | ഉച്ചയ്ക്ക് 12.15 മുതൽ 1.45 വരെ |
| 9 | ഉച്ചയ്ക്ക് 2.30 മുതൽ 2.40 വരെ | ഉച്ചയ്ക്ക് 3.00 മുതൽ 4.30 വരെ |
| ടൈപ്പ്റൈറ്റിങ് (ഹിന്ദി) ലോവർ | | |
| 22/05/2023 തിങ്കൾ | | |
| 1 | രാവിലെ 9.00 മുതൽ 9.10 വരെ | രാവിലെ 9.30 മുതൽ 11.30 വരെ |
| 2 | രാവിലെ 11.50 മുതൽ 12.00 വരെ | ഉച്ചയ്ക്ക് 12.15 മുതൽ 2.15 വരെ |

| | | |
|---|---|---|
| 23/05/2023 ചൊവ്വ | | |
| 3 | രാവിലെ 9.00 മുതൽ 9.10 വരെ | രാവിലെ 9.30 മുതൽ 11.30 വരെ |
| 4 | രാവിലെ 11.50 മുതൽ 12.00 വരെ | ഉച്ചയ്ക്ക് 12.15 മുതൽ 2.15 വരെ |
| | | |

| ടൈപ്പ്റൈറ്റിംഗ് ഇംഗ്ലീഷ് (ഹയർ) | | |
|---|---|---|
| 25/05/2023 വ്യാഴം | | |
| 1 | രാവിലെ 8.30 മുതൽ 8.40 വരെ | രാവിലെ 9.00 മുതൽ 11.00 വരെ |
| 2 | രാവിലെ 11.50 മുതൽ 12.00 വരെ | ഉച്ചയ്ക്ക് 12.15 മുതൽ 2.15 വരെ |
| 3 | ഉച്ചയ്ക്ക് 3.00 മുതൽ 3.10 വരെ | ഉച്ചയ്ക്ക് 3.30 മുതൽ 5.30 വരെ |
| 26/05/2023 വെള്ളി | | |
| 4 | രാവിലെ 8.30 മുതൽ 8.40 വരെ | രാവിലെ 9.00 മുതൽ 11.00 വരെ |
| 5 | രാവിലെ 11.50 മുതൽ 12.00 വരെ | ഉച്ചയ്ക്ക് 12.15 മുതൽ 2.15 വരെ |
| 6 | ഉച്ചയ്ക്ക് 3.00 മുതൽ 3.10 വരെ | ഉച്ചയ്ക്ക് 3.30 മുതൽ 5.30 വരെ |
| ടൈപ്പ്റൈറ്റിംഗ് മലയാളം (ഹയർ) | | |
| 25/05/2023 വ്യാഴം | | |
| 1 | രാവിലെ 8.30 മുതൽ 8.40 വരെ | രാവിലെ 9.00 മുതൽ 11.00 വരെ |
| 2 | രാവിലെ 11.50 മുതൽ 12.00 വരെ | ഉച്ചയ്ക്ക് 12.15 മുതൽ 2.15 വരെ |
| 3 | ഉച്ചയ്ക്ക് 3.00 മുതൽ 3.10 വരെ | ഉച്ചയ്ക്ക് 3.30 മുതൽ 5.30 വരെ |
| 26/05/2023 വെള്ളി | | |
| 4 | രാവിലെ 8.30 മുതൽ 8.40 വരെ | രാവിലെ 9.00 മുതൽ 11.00 വരെ |
| 5 | രാവിലെ 11.50 മുതൽ 12.00 വരെ | ഉച്ചയ്ക്ക് 12.15 മുതൽ 2.15 വരെ |
| 6 | ഉച്ചയ്ക്ക് 3.00 മുതൽ 3.10 വരെ | ഉച്ചയ്ക്ക് 3.30 മുതൽ 5.30 വരെ |
| ടൈപ്പ്റൈറ്റിംഗ് ഹിന്ദി (ഹയർ) | | |
| 25/05/2023 വ്യാഴം | | |
| 1 | രാവിലെ 8.30 മുതൽ 8.40 വരെ | രാവിലെ 9.00 മുതൽ 11.00 വരെ |
| 2 | രാവിലെ 11.50 മുതൽ 12.00 വരെ | ഉച്ചയ്ക്ക് 12.15 മുതൽ 2.15 വരെ |
| 3 | ഉച്ചയ്ക്ക് 3.00 മുതൽ 3.10 വരെ | ഉച്ചയ്ക്ക് 3.30 മുതൽ 5.30 വരെ |

| ടൈപ്പ്റൈറ്റിംഗ് -ഇംഗ്ലീഷ് (ഹൈസ്പീഡ്) | |
|---|---|
| 26/05/2023 വെള്ളി | |
| 1 | രാവിലെ 9.40 മുതൽ 9.50 വരെ |

| ഷോർട്ട് ഹാൻഡ് -ഇംഗ്ലീഷ് (ലോവർ) | |
|---|---|
| 29/05/2023 തിങ്കൾ | |
| രാവിലെ 9.30 മുതൽ 9.37 വരെ | ഒന്നാം പേപ്പർ സ്പീഡ് ഡിക്റ്റേഷൻ |
| രാവിലെ 9.40 മുതൽ 10.45 വരെ | ഒന്നാം പേപ്പർ ലോംങ് ഹാൻഡിലേക്ക് പകർത്തിയെഴുത്ത് |
| രാവിലെ 11.00 മുതൽ 12.25 വരെ | രണ്ടാം പേപ്പർ തത്വങ്ങളും പകർത്തിയെഴുത്തും സംഗ്രഹിക്കലും |
| ഷോർട്ട് ഹാൻഡ് -ഇംഗ്ലീഷ് (ഹയർ) | |
| 29/05/2023 തിങ്കൾ | |
| രാവിലെ 9.00 മുതൽ 9.07 വരെ | ഒന്നാം പേപ്പർ സ്പീഡ് ഡിക്റ്റേഷൻ |
| രാവിലെ 9.15 മുതൽ 10.45 വരെ | ഒന്നാം പേപ്പർ ലോംങ് ഹാൻഡിലേക്ക് പകർത്തിയെഴുത്ത് |
| രാവിലെ 11.30 മുതൽ 11.34 വരെ | രണ്ടാം പേപ്പർ ഇലാബറേഷൻ ഡിക്റ്റേഷൻ |
| രാവിലെ 11.45 മുതൽ 1.15 വരെ | രണ്ടാം പേപ്പർ ഇലാബറേഷൻ വികസിപ്പിച്ചെഴുത്ത് |
| ഉച്ചയ്ക്ക് 2.00 മുതൽ 2.07 വരെ | മൂന്നാം പേപ്പർ ഡിക്റ്റേഷൻ (പാർട്ട് II കൺഡൻസേഷൻ) |
| ഉച്ചയ്ക്ക് 2.15 മുതൽ 4.45 വരെ | മൂന്നാം പേപ്പർ (പാർട്ട് I തീയറി) |

| ഷോർട്ട് ഹാൻഡ് -മലയാളം (ലോവർ) | |
|---|---|
| 30/05/2023 ചൊവ്വ | |
| രാവിലെ 9.30 മുതൽ 9.37 വരെ | ഒന്നാം പേപ്പർ സ്പീഡ് ഡിക്റ്റേഷൻ |
| രാവിലെ 9.45 മുതൽ 11.15 വരെ | ഒന്നാം പേപ്പർ ലോംങ് ഹാൻഡിലേക്ക് പകർത്തിയെഴുത്ത് |
| രാവിലെ 11.30 മുതൽ 12.30 വരെ | രണ്ടാം പേപ്പർ തത്വങ്ങളും പകർത്തിയെഴുത്തും സംഗ്രഹിക്കലും |

| ഷോർട്ട് ഹാൻഡ് -മലയാളം(ഹയർ) | |
|---|---|
| 30/05/2023 ചൊവ്വ | |
| രാവിലെ 9.00 മുതൽ 9.07 വരെ | ഒന്നാം പേപ്പർ സ്പീഡ് ഡിക്റ്റേഷൻ |
| രാവിലെ 9.15 മുതൽ 11.05 വരെ | ഒന്നാം പേപ്പർ ലോംങ് ഹാൻഡിലേക്ക് പകർത്തിയെഴുത്ത് |
| ഉച്ചയ്ക്ക് 12.30 മുതൽ 12.34 വരെ | രണ്ടാം പേപ്പർ ഇലാബറേഷൻ ഡിക്റ്റേഷൻ |
| ഉച്ചയ്ക്ക് 12.45 മുതൽ 2.15 വരെ | രണ്ടാം പേപ്പർ ഇലാബറേഷൻ വികസിപ്പിച്ചെഴുത്ത് |
| ഉച്ചയ്ക്ക് 2.30 മുതൽ 2.37 വരെ | മൂന്നാം പേപ്പർ ഡിക്റ്റേഷൻ വികസിപ്പിച്ചെഴുത്ത് |
| ഉച്ചയ്ക്ക് 2.45 മുതൽ 5.15 വരെ | മൂന്നാം പേപ്പർ സംഗ്രഹിക്കലും (തിയറിയും) |

| ഷോർട്ട് ഹാൻഡ് -(ഇംഗ്ലീഷ് ഹൈസ്പീഡ്) | |
|---|---|
| 31/05/2023 ബുധൻ | |
| രാവിലെ 11.00 മുതൽ 11.05 വരെ | ഒന്നാം പേപ്പർ സ്പീഡ് ഡിക്ടേഷൻ |
| രാവിലെ 11.15 മുതൽ 12.45 വരെ | ഒന്നാം പേപ്പർ ലോംങ് ഹാൻഡിലേക്ക് പകർത്തിയെഴുത്ത് |
| ഉച്ചയ്ക്ക് 1.15 മുതൽ 1.20 വരെ | രണ്ടാം പേപ്പർ ഡിക്റ്റേഷൻ (കൺഡൻസേഷൻ) |
| ഉച്ചയ്ക്ക 1.30 മുതൽ 2.45 വരെ | രണ്ടാം പേപ്പർ പകർത്തിയെഴുത്ത് |

**പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരീക്ഷാ തീയതിയിൽ മാറ്റം വരുത്തുന്നതായിരിക്കും.**

## അനുബന്ധം - 4

## കേരളാ ഗവൺമെന്റ് ടെക്നിക്കൽ എക്സാമിനേഷൻ (കൊമേഴ്സ് ഗ്രൂപ്പ്)

## സെന്റർ ലിസ്റ്റ് - മെയ് 2023

| ക്രമ നം | സെന്റർ കോഡ് | സെന്ററിന്റെ പേര്<br>സ്റ്റാർ ചിഹ്നം (*) ഷോർട്ട് ഹാന്റ് പരീക്ഷ ഉൾപ്പെടുന്ന സെന്റർ |
|---|---|---|
| 1 | 11002 | *ഗവ.ഹയർ സെക്കണ്ടറി സ്കൂൾ, കാസർഗോഡ് 671121 Ph.No.04994 221626 |
| 2 | 12001 | ദുർഗ്ഗ ഹയർ സെക്കണ്ടറി സ്കൂൾ, കാഞ്ഞങ്ങാട് 671315<br>Ph.No. 0467 2204430 |
| 3 | 13005 | *ഗവ.വി.എച്ച്.എസ്., കണ്ണൂർ 670002 - Ph.No. 0497 2700891 |
| 4 | 13013 | ചൊവ്വ എച്ച്.എസ്.എസ്. കണ്ണൂർ 670006 - Ph.No. 0497 2727552 |
| 5 | 49005 | മൂത്തേടത്ത് എച്ച്.എസ്. തളിപ്പറമ്പ, കണ്ണൂർ 670141 - Ph.No. 0460 2203269 |
| 6 | 49009 | ഗവ. ബോയ്സ് എച്ച്.എസ്.എസ്. ചെറുകുന്ന്, കണ്ണൂർ 670301<br>Ph.No. 0497 2861188 |
| 7 | 49069 | എ.കുഞ്ഞിരാമൻ അടിയോടി സ്മാരക ഗവ.വി.എച്ച്.എസ്. പയ്യന്നൂർ 670307<br>Ph.No.0498 5203037 |
| 8 | 14005 | ബി.ഇ.എം.പി. ഹൈസ്കൂൾ, തലശ്ശേരി 670101 - Ph.No. 0490 2320531 |
| 9 | 14009 | ഗവ.ഹൈസ്കൂൾ ചിറക്കര, തലശ്ശേരി 670104 - Ph.No. 0490 2343028 |
| 10 | 14032 | വി.പി. ഓറിയന്റൽ ഹൈസ്കൂൾ, ചൊക്ലി, തലശ്ശേരി 670672<br>Ph.No. 0490 2330214 |
| 11 | 15022 | *എസ്.കെ.എം.ജെ ഹയർ സെക്കണ്ടറി സ്കൂൾ, കൽപ്പറ്റ, വയനാട് 673122<br>Ph.No. 04936 202576 |
| 12 | 15053 | ഗവ.സർവ ജന ഹയർ സെക്കണ്ടറി സ്കൂൾ, സുൽത്താൻ ബത്തേരി,<br>വയനാട് 673592 Ph.No. 04936 220109 |
| 13 | 15006 | ഗവ. വി.എച്ച്.എസ്സ്.എസ്സ്. മാനന്തവാടി, വയനാട്, 670 645. |
| 14 | 16004 | ഗവ. സംസ്കൃത എച്ച്. എസ്.എസ്. വടകര 673102 - Ph.No. 0496 2527763 |
| 15 | 16046 | ഗവ.വി.എച്ച്.എസ്.എസ് ഫോർ ബോയ്സ്, കൊയിലാണ്ടി, വടകര 673305<br>Ph.No. 0496 2620311 |
| 16 | 17001 | *ഗവ.ഗണപത് ഹൈസ്കൂൾ ഫോർ ബോയ്സ്, ചാലപ്പുറം, കോഴിക്കോട്<br>673002- Ph.No. 0495 2302972 |

| | | |
|---|---|---|
| 17 | 17015 | ഗവ. ഹൈസ്കൂൾ, കാരപ്പറമ്പ, കോഴിക്കോട് 673010 - Ph.No. 0495 2382377 |
| 18 | 17021 | ഗവ മോഡൽ ഹയർ സെക്കണ്ടറി സ്കൂൾ, കോഴിക്കോട് 673001<br>Ph.No. 0495 2722509 |
| 19 | 18013 | ഗവ. ബോയ്സ് ഹൈസ്കൂൾ, മലപ്പുറം 676619 - Ph.No. 0483 2737988 |
| 20 | 18021 | ഗവ. ഹൈസ്കുൾ ഫോർ ബോയ്സ്, മഞ്ചേരി, മലപ്പുറം 676121<br>Ph.No. 0483 2768427 |
| 21 | 19016 | *ഗവ ബോയ്സ്, ഹയർ സെക്കണ്ടറി സ്കൂൾ, തെക്കേമുറി, തിരൂർ 676105<br>Ph.No. 0494 2422429 |
| 22 | 20022 | കെ.വി.ആർ. ഹൈസ്കൂൾ, ഷൊർണ്ണൂർ, ഒറ്റപ്പാലം – 679121<br>Ph.No. 0466 2222354 |
| 23 | 20027 | എൻ.എസ്.എസ്.കെ.പി.റ്റി. ഹൈസ്കൂൾ, ഒറ്റപ്പാലം – 679101<br>Ph.No. 0466 2244232 |
| 24 | 21012 | ഗവ.ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ, ആലത്തൂർ, പാലക്കാട് 678541<br>Ph.No. 04922 222284 |
| 25 | 21027 | ഗവ.ബോയ്സ് ഹയർ സെക്കണ്ടറി സ്കൂൾ, നെന്മാറ, പാലക്കാട് 678508<br>Ph.No. 04923 244556 |
| 26 | 21055 | *പി.എം.ജി. ഹയർ സെക്കണ്ടറി സ്കൂൾ, പാലക്കാട് 678001<br>Ph.No. 04912 539846 |
| 27 | 21057 | ബി.ഇ.എം.എച്ച്.എസ്.എസ്. പാലക്കാട് 678014 - Ph.No. 04912 538796 |
| 28 | 51018 | കെ.റ്റി.എം.എച്ച്.എസ്. മണ്ണാർക്കാട് 678582 Ph.No. - 0492 24224922 |
| 29 | 22056 | *ഗവ.മോഡൽ. എച്ച്.എസ്.എസ്. ഫോർ ബോയ്സ്, തൃശ്ശൂർ 680020<br>Ph.No. 0487 2331063 |
| 30 | 23005 | ഗവ.വി.എച്ച്.എസ്.എസ്. ചാലക്കുടി 680307 - Ph.No. 0480 2701754 |
| 31 | 23012 | ഗവ.എച്ച്.എസ്.എസ്, കൊടുങ്ങല്ലൂർ 680664 - Ph.No. 0480 2802967 |
| 32 | 23046 | സെന്റ് ആന്റണീസ് എച്ച്.എസ്.എസ്, മാള, മാള പി.ഒ, ഇരിഞ്ഞാലക്കുട<br>680732 - Ph.No. 0480 2894632 |
| 33 | 24012 | ഗവ.മോഡൽ എച്ച്.എസ്.എസ് ഫോർ ഗേൾസ്, കുന്നംകുളം 680503 Ph.No.<br>04885 223072 |
| 34 | 25067 | ഗവ.ബോയിസ് എച്ച്.എസ്.എസ്. നോർത്ത് പറവൂർ 683513<br>Ph.No. 0484 2446650 |
| 35 | 25084 | ഗവ.വി.എച്ച്.എസ്.എസ്, കളമശ്ശേരി, ആലുവ 683104 - **Ph.No. 0484 2556944** |

| | | |
|---|---|---|
| 36 | 26035 | *ഗവ.എച്ച്.എസ്.എസ് ഫോർ ഗേൾസ്, എറണാകുളം 682015<br>Ph.No. 0484 2376078 |
| 37 | 26045 | ഗവ.എച്ച്.എസ്.എസ് മുളന്തുരുത്തി, എറണാകുളം 682314<br>Ph.No. 0484 2740353 |
| 38 | 26056 | എസ്.ഡി.പി.വൈ. ബോയ്സ് എച്ച്.എസ്.എസ്, പള്ളുരുത്തി, 682006<br>Ph.No. 0484 2231462 |
| 39 | 26070 | ഗവ.എച്ച്.എസ്.എസ് തൃപ്പൂണിത്തുറ, എറണാകുളം 682301<br>Ph.No. 0484 2784596 |
| 40 | 27006 | ഗവ.എച്ച്.എസ്.എസ്.പെരുമ്പാവൂർ, എറണാകുളം 683542<br>Ph.No. 0484 2524268 |
| 41 | 27023 | സെന്റ് ജോർജ് ഹയർ സെക്കണ്ടറി സ്കൂൾ, കോതമംഗലം 686691<br>Ph.No. 0485 2862479 |
| 42 | 29025 | *ഗവ.എച്ച്.എസ്.എസ്, തൊടുപ്പുഴ 685584 - Ph.No. 0486 2223217 |
| 43 | 30020 | സെന്റ് ജോർജ്സ് എച്ച്.എസ്.എസ്. കട്ടപ്പന 685515 - Ph.No. 04868 272315 |
| 44 | 31047 | ഗവ.വി.എച്ച്.എസ്.എസ്. ഏറ്റുമാനൂർ 686631 Ph.No. 04812 535491 |
| 45 | 32051 | ഗവ.വി.എച്ച്.എസ്.എസ്. പൊൻകുന്നം 686506 Ph.No. 04828 221017 |
| 46 | 33027 | *ഗവ. മോഡൽ എച്ച്.എസ്.എസ്, കോട്ടയം 686001 Ph.No. **0481 2582932** |
| 47 | 34006 | ഗവ.എച്ച്.എസ്.എസ്, കലവൂർ, ചേർത്തല 688522 - Ph.No. 0479 2292307 |
| 48 | 34023 | എസ്.എൻ.എം.ഗവ. ബോയ്സ് ഹൈസ്കൂൾ, ചേർത്തല 688524<br>Ph.No. 0478 2813234 |
| 49 | 34028 | റ്റി.ഡി.എച്ച്.എസ്.എസ്, തുറവൂർ, തിരുമുൽഭാഗം, ചേർത്തല 688540 -<br>Ph.No. 0478 2562361 |
| 50 | 35013 | ടി.ഡി.ഹയർ സെക്കണ്ടറി സ്കൂൾ, ആലപ്പുഴ 688011 - Ph.No. 0477 2260808 |
| 51 | 35014 | *ഗവ.ഹൈസ്കൂൾ ഫോർ ഗേൾസ്, ആലപ്പുഴ 688011 - Ph.No. 0477 2260391 |
| 52 | 35027 | ഗവ.ഹൈസ്കൂൾ ഫോർ ബോയ്സ്, ഹരിപ്പാട്, ഹരിപ്പാട് പി.ഒ.പിൻ 690514<br>Ph.No. 0479 2412722 |
| 53 | 36025 | ഗവ.വി.എച്ച്.എസ്.എസ് ഫോർ ബോയ്സ്, മാവേലിക്കര 690101<br>Ph.No. 0479 2302014 |
| 54 | 37046 | ഗവ.മോഡൽ ഹൈസ്കൂൾ, ഫോർ ഗേൾസ്, തിരുവല്ല 689101<br>Ph.No. 0469 2601865 |

| | | |
|---|---|---|
| 55 | 38001 | ഗവ. ബോയ്സ് എച്ച്.എസ്.എസ്, അടൂർ 691523 - Ph.No. 04734 266262 |
| 56 | 38060 | *ഗവ.എച്ച്.എസ്.എസ്.&വി.എച്ച്.എസ്.എസ് പത്തനംതിട്ട, പത്തനംതിട്ട പി.ഒ 689645 Ph.No. 0468 2222629 |
| 57 | 38092 | എൻ.എസ്.എസ്. ഹൈസ്കൂൾ, ഫോർ ബോയ്സ്, പന്തളം 689501 Ph.No. - 04734 252265 |
| 58 | 39004 | ഗവ.എച്ച്.എസ്.എസ്. ശാസ്താംകോട്ട 690521 Ph.No. - 0476 2831460 |
| 59 | 39012 | ഗവ.വി.എച്ച്.എസ്.എസ് ബോയ്സ് ഹൈസ്കൂൾ, കൊട്ടാരക്കര 691506 - Ph.No. 0474 2454563 |
| 60 | 40015 | ഗവ.എച്ച്.എസ്.എസ്. പുനലൂർ 691305 Ph.No. - 0475 2222858 |
| 61 | 40031 | ഗവ.വി.എച്ച്.എസ്.എസ്. കടയ്ക്കൽ 691536 - Ph.No. 0474 2422141 |
| 62 | 41006 | ഗവ.എച്ച്.എസ്.എസ് ചാത്തന്നൂർ 691572 Ph.No. 0474 2593644 |
| 63 | 41031 | ഹയർ സെക്കണ്ടറി സ്കൂൾ ഫോർ ബോയ്സ്, കരുനാഗപ്പള്ളി 690518 - Ph.No. 0476 2623117 |
| 64 | 41041 | എം.ജി.ഡി.ഹൈസ്കൂൾ ഫോർ ബോയ്സ്, കുണ്ടറ 691501 Ph.No. 0474 2522616 |
| 65 | 41056 | *ഗവ.മോഡൽ ബോയ്സ് ഹയർ സെക്കണ്ടറി സ്കൂൾ, കൊല്ലം 691009 Ph.No. 0474 2794892 |
| 66 | 41057 | ഗവ.ഹൈസ്കൂൾ, കൊല്ലം വെസ്റ്റ് 691012 Ph.No. 0474 2793813 |
| 67 | 41059 | ഗവ.ഹയർ സെക്കണ്ടറി സ്കൂൾ, അഞ്ചാലുംമൂട് 691601 - Ph.No. 0474 2702389 |
| 68 | 42006 | ഗവ. മോഡൽ ബോയ്സ് വി & എച്ച്.എസ്.എസ്, ആറ്റിങ്ങൽ – 695 101 Ph.No. 0470 2622283. |
| 69 | 42008 | ഗവ.ഹൈസ്കൂൾ ഫോർ ഗേൾസ്, ആറ്റിങ്ങൽ 695101 - Ph.No. 0470 2622597 |
| 70 | 42025 | ഗവ.ഹയർ സെക്കണ്ടറി സ്കൂൾ, കിളിമാനൂർ 695601 - Ph.No.0470 2673055 |
| 71 | 42037 | ഗവ.ബോയ്സ് വി.എച്ച്.എസ്.എസ്, നെടുമങ്ങാട് 695541 Ph.No. 4722812328 |
| 72 | 42058 | ഗവ.മോഡൽ ഹൈസ്കൂൾ, വർക്കല 695141 - Ph.No. 0470 2602278 |
| 73 | 43005 | മുസ്ലീം ബോയ്സ് ഹൈസ്കൂൾ, കണിയാപുരം 695301 Ph.No. 0471 2750648 |
| 74 | 43014 | ഗവ.ഹൈസ്കൂൾ ഫോർ ഗേൾസ്, കന്യാകുളങ്ങര 695615 Ph.No. 0472 2832346 |

| | | |
|---|---|---|
| 75 | 43026 | ഗവ.ഹൈസ്കൂൾ, ശ്രീകാര്യം 695017 - Ph.No. 0471 2591194 |
| 76 | 43038 | ഗവ.വി.എച്ച്.എസ്.എസ്. വട്ടിയൂർക്കാവ് 695013 - Ph.No. 0471 2360524 |
| 77 | 43040 | ഗവ. ഗേൾസ് ഹൈസ്കൂൾ, പേരൂർക്കട 695005 - Ph.No. 0471 2438219 |
| 78 | 43083 | *എസ്.എം.വി ഗവ.മോഡൽ ഹൈസ്കൂൾ, തിരുവനന്തപുരം 695 001<br>Ph.No. 0471 2330395 |
| 79 | 43090 | ഗവ.ഹൈസ്കൂൾ, ജഗതി 695014 - Ph.No. 0471 2326498 |
| 80 | 43072 | ഗവ.വി& എച്ച്.എസ്.എസ്. ഫോർ ഗേൾസ്, മണക്കാട് 695009<br>Ph.No. 0471 2471459 |
| 81 | 44002 | ഗവ.വി & എച്ച്.എസ്.എസ്, പൂവാർ – 695 525 Ph.No. 0471 2210354 |
| 82 | 44019 | ഗവ.എച്ച്.എസ്.എസ്, കുളത്തുമ്മൽ, കാട്ടാക്കട 695572 - Ph.No. 0471 2290102 |
| 83 | 44022 | ഗവ.വി.എച്ച്.എസ്.എസ്. മലയിൻകീഴ് 695571 - Ph.No.0471 2283120 |
| 84 | 44025 | സെന്റ് സേവ്യേഴ്സ് എച്ച്.എസ്.എസ്. പേയാട് 695573 - Ph.No. 0471 2289098 |
| 85 | 44035 | ഗവ.ബോയ്സ് എച്ച്.എസ്.എസ്, നെയ്യാറ്റിൻകര 695121 - Ph.No.0471 2222434 |
| 86 | 44041 | ഗവ.വി.എച്ച്.എസ്.എസ്, പാറശ്ശാല – 695502, Ph.No.0471 2202331 |
| 87 | 44050 | ഗവ. മോഡൽ എച്ച്.എസ്.എസ്, വെങ്ങാനൂർ – 695 523 Ph.No.0471 2480125 |
| 88 | 44059 | ഗവ.എച്ച്.എസ്.എസ്. ബാലരാമപുരം 695501 - Ph.No.0471 2400381 |
| 89 | 45008 | ഗവ. എച്ച്.എസ്.എസ്. ഫോർ ബോയ്സ്, വൈക്കം 686142<br>Ph.No. 04829 232271 |
| 90 | 45020 | ഗവ.എച്ച്.എസ്.എസ്. പെരുവ, കടുത്തുരുത്തി 686610 - Ph.No.04829 251215 |
| 91 | 47031 | പേരാമ്പ്ര എച്ച്.എസ്.എസ്. താമരശ്ശേരി 673525 - Ph.No. 0496 2610248 |
| 92 | 47107 | ഗവ.വി.എച്ച്.എസ്.എസ്. ഫോർ ബോയ്സ്, ബാലുശ്ശേരി,<br>താമരശ്ശേരി 673612 - Ph.No. 0495 2642230 |
| 93 | 48035 | ഗവ.മാനവേദൻ വി.എച്ച്.എസ്.എസ്. നിലമ്പൂർ. 679329 - Ph.No. 04931 223140 |

**സ്റ്റാർ (*) ചിഹ്നം ഷോർട്ട്ഹാന്റ് പരീക്ഷ ഉൾപ്പെടുന്ന സെന്റർ**

## അനുബന്ധം - 5

**കെ.ജി.റ്റി പരീക്ഷയ്ക്ക് തുല്യമായി സർക്കാർ അംഗീകരിച്ചിട്ടുള്ള മറ്റു പരീക്ഷകളും വിവരങ്ങളും.**

| കോഴ്സിന്റെ പേര് | തത്തുല്യമായവ | സർക്കാർ ഉത്തരവ് |
|---|---|---|
| VHSE Office Management & Secreteryship course | KGTE (Lower) Typewriting & Shorthand (Malayalam & English) | G.O(Rt)No.57/91/G.Edn dated 04/04/1991.. |
| VHSE Office Secreteryship course | KGTE Typewriting English Higher Grade | G.O(Rt)No.95/07/G.Edn dated 14/05/2007. |
| VHSE- Computer Word Processing with Office Secretary Ship Course | KGTE- Computer Word processing with Typewriting English Higher | G.O. (Rt) No. 252/09/G.Edn, dated 18/12/2009 |
| Diploma in Computer Application and Business Management Course with Typewriting & Electronic Typewriting. | KGTE Typewriting English Lower | G.O. (P) No. 17/99/P&ARD dated. 24/09/1999 |
| Preliminary Diploma Examination in Shorthand and Typewriting conducted by Govt. Commercial Institute | KGTE Examination Lower Grade of Typewriting English & Short hand English | G.O. (Rt) No. 464/87/H.Edn. dated. 21/02/1987 |
| Final Diploma Examination in Shorthand and Typewriting conducted by Government Commercial Institute | KGTE Examinations Higher Grade of Typewriting English and Shorthand English and also to Lower Grade of Typewriting Malayalam and Shorthand Malayalam | G.O. (Rt) No. 464/87/H.Edn. dated. 21/02/1987 |
| VHSE in Accountancy and Auditing | KGTE Typewriting English Lower | G.O.(MS) No. 118/07/G.Edn, dated 22/06/2007 |

| | | |
|---|---|---|
| Practical Papers of Accountancy and Auditing, Banking Assistance, General Insurance, Marketing & Sales manship, Reception Book Keeping and communication, Travel & Tourism conducted by VHSC Department. | KGTE Typewring English Lower and Computer Wordprocessing Lower. | G.O.(MS) No. 232/14/G.Edn, dated 06/11/2014 |
| 3 year Diploma in Commercial Practise of Kerala State | KGTE Word Processing English (Lower & Higher) | GO (MS).No.400/2012/ H.Edn dated 06-08-2012 |
| National Trade Certificate in Stenography (English) | KGTE Lower in Typewritting & Shorthand English | GO (MS).No.49/1978/ L&H dated 02-05-1978 |
| Diploma in Commercial Practise with Typewritting & Shorthand of Kerala State | KGTE Typewritting English (Higher) & Shorthand English Higher Typewriting Malayalam Lower & Shorthand Malayalam Lower | GO (P).No.102/1984/ GAD dated 02-04-1984 |
| Practical Papers (Typewriting English, Computer Word Processing) of VHSE General Insurance, Travel & Tourism, Accounting and Auditing, Banking Assistance, Marketing and Salesmanship, Reception Book Keeping and Communication. | KGTE Typewriting English Higher, Word Processing English Higher | GO (Rt) No.47/2018/G.Edn dated 26-04-2018 |

ജീവൻ ബാബു കെ. ഐ.എ.എസ്.
പൊതുവിദ്യാഭ്യാസ ഡയറക്ടർ &
പരീക്ഷാ കമ്മീഷണർ